
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയരേ,**

നിങ്ങൾക്ക് എല്ലാവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ!

വായനക്കാരായ നിങ്ങളെ, ഞാൻ നേരിൽ കാണുവാൻ സാധിക്കാതെ പോയാലും ഈ ജാമക്കാരൻ മാസിക വഴിയായി ബന്ധപ്പെടുന്നതുകൊണ്ട്, നമ്മുടെ ആത്മീകബന്ധം മാസാമാസം പുതുക്കപ്പെടുന്നതുകൊണ്ട്, ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

നമ്മുടെ കുട്ടികൾ, ഈ മാസങ്ങളിൽ, പുതിയ ക്ലാസ്സ്, പുതിയ സുഹൃത്തുക്കൾ, പുതിയ അദ്ധ്യാപകന്മാർ എന്ന പുതിയ അനുഭവത്തിലേക്ക് കടക്കുവാൻ പോകുന്നു. 40, 50 വർഷങ്ങൾക്ക് മുമ്പ് നമ്മുടെ കുട്ടികൾക്കു ലഭിച്ചുവന്ന സംരക്ഷണ ഇപ്പോൾ ഇല്ല. അത് ഓർക്കുമ്പോൾ, അവരുടെ ഭാവിയെക്കുറിച്ച് ഒരു ഭയം ഉണ്ടാകുന്നു. അന്നത്തെ കാലത്ത് നേരിട്ട പ്രലോഭനങ്ങൾ വേറെ, ഇപ്പോൾ ഉള്ള നവീന പാപപ്രലോഭനങ്ങൾ വേറെ, അതുകൊണ്ട്, നമ്മുടെ കുട്ടികൾക്ക് വേണ്ടിയും, അവരുടെ സംരക്ഷണത്തിനു വേണ്ടിയും ഓർക്കുമ്പോൾ എല്ലാം പ്രാർത്ഥിച്ചുകൊണ്ടിരിക്കും.

ഇത് വായിക്കുന്ന നിങ്ങളുടെ ആത്മീകജീവിതത്തെക്കുറിച്ചും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു (എബ്രായർ 11:1)

യഥാർത്ഥ വിശ്വാസം Postbox- ൽ ഒരു കത്ത് ഇട്ടശേഷം അതിനെക്കുറിച്ച് ചിന്തിക്കാതെ ഇരിക്കുന്നതുപോലെ ആകുന്നു. അവിശ്വാസം എന്നത് കത്തിന്റെ ഒരു അറ്റം പിടിച്ചുകൊണ്ട് ഈ കത്തിന് മറുപടി ലഭിക്കാതെ പോയാൽ ഞാൻ എന്ത് ചെയ്യും എന്ന് വ്യാകുലപ്പെടുന്നത് പോലെയാകുന്നു.

എന്റെ മേശമേൽ ഞാൻ പലർക്കും എഴുതിയ കത്തുകൾ, വിലാസം എഴുതപ്പെടും. സ്റ്റാമ്പ് ഒട്ടിച്ചു അങ്ങനെ തന്നെ, അവിടെ ഇരിക്കുന്നതായി നമ്മൾക്കു സങ്കല്പിക്കാം. ഞാൻ അതിനെ Postbox- ൽ ഇടാതെ അതുപോലെ തന്നെ വെച്ചിരുന്നാൽ അതുകൊണ്ട്, എനിക്കും

## JUNE 2015

പ്രയോജനമില്ല. ആർക്കു വേണ്ടിയിട്ടാണോ കത്ത് എഴുതിയോ, ആരുടെ വിലാസത്തെ അതിന്റേ മേലേ എഴുതിയേ അവർക്കു പ്രയോജനം ഇല്ലാതെ പോകും ഇതാണ് സത്യം. വിശ്വാസത്തിന്റെ വഴി, വിശ്വാസം എന്നുള്ളത്, നിന്റെ കാര്യങ്ങൾ ദൈവത്തെ ഏൽപ്പിക്കുന്നതാണ്. അപ്പോളാണ് ദൈവപ്രവർത്തി ഉണ്ടാകുന്നത്. സങ്കീർത്തനം 37:5ൽ നല്ല വചനം ഉണ്ട്. "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും". ഏൽപ്പിക്കാതെ ഇരുന്നാൽ അവന് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. വിശ്വാസം എന്നത്, പ്രാപിക്കുന്നതാണ്. കർത്താവ് നൽകുന്ന വരങ്ങളെ ഏറ്റെടുക്കുന്നതാണ്. നാം അവനിൽ ആശ്രയിച്ച് നമ്മുടെ പ്രശ്നങ്ങളെ അവനെ ഏൽപ്പിച്ച്, ദൈവഹിതംപോലെ ഭവിക്കട്ടെ എന്ന് വിചാരിച്ചാൽ മാത്രമേ നമ്മുടെ മനസ്സിന് വിശ്രമം ലഭിക്കുകയുള്ളൂ. മാനസികസമ്മർദ്ദം ഉണ്ടാകുകയില്ല. എന്നാൽ കർത്താവിനെ ഏൽപ്പിച്ചതിനു ശേഷം അതിനെക്കുറിച്ച് ഭാരപ്പെട്ടുകൊണ്ടിരുന്നാൽ, നാം വിചാരിപ്പെടുന്നവരാകും. നമ്മുടെ ദൈവം പറയുന്നു 'നിങ്ങൾ ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്.' വിചാരപ്പെടരുത് എന്നത് ആലോചന അല്ല, മറിച്ച് കൽപ്പന ആകുന്നു. ഇതിനർത്ഥം, പ്രാർത്ഥിച്ചിട്ട് മിണ്ടാതെ ഇരിക്കണം എന്നല്ല, പ്രശ്നങ്ങളെക്കുറിച്ച് പദ്ധതി ഇടണം, പ്രാർത്ഥിച്ച ശേഷം ഏത് കോളേജിൽ ചേരണം അതിനുള്ള ആപ്ലിക്കേഷൻ എപ്പോൾ വാങ്ങണം എന്നൊക്കെ അന്വേഷിച്ചു വെച്ചിരിക്കണം. ജോലിക്ക് ഏതു കമ്പനിയിൽ vacancy ഉണ്ട് എന്ന് നമ്മൾ അറിഞ്ഞിരിക്കണം. ഇത് രണ്ടിലുമുള്ള വ്യത്യാസം നമ്മൾ മനസ്സിലാക്കിയാൽ മാത്രമേ ഞാൻ പറഞ്ഞ വിശ്വാസത്തിന്റെ അർത്ഥവും ആഴവും മനസ്സിലാക്കുവാൻ സാധിക്കുയുള്ളൂ. നിങ്ങളുടെ വിശ്വാസം വർദ്ധിക്കുവാനും ബലപ്പെടുവാനും ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ വിശ്വാസം തളർന്നു പോകാതെ ഇരിക്കുവാനും ഞാൻ പ്രാർത്ഥിക്കുന്നു. വായനക്കാരായ നിങ്ങൾ എല്ലാം എന്റെ കുടുംബാഗങ്ങൾ ആകുന്നു. അതുകൊണ്ട് ഞാൻ ചുമതലയോടും, അവകാശത്തോടും കൂടി നിങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ.പുഷ്പരാജ്**

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# സാത്താനെ ബന്ധനസ്ഥനാക്കുവാൻ നമുക്ക് സാധിക്കുമോ?

സാത്താനെ ഇന്ന് ബന്ധനസ്ഥനാക്കുക എന്നത് അസാദ്ധ്യമാണ്, മാത്രമല്ല അത് തിരുവചനത്തിൽ പഠിപ്പിക്കപ്പെടുന്നുമില്ല. എന്നാൽ, നിരവധി വിടുതൽ ശുശ്രൂഷകളിൽ ഇത് വ്യാപകമായി അഭ്യസിച്ചുവരുന്നു. ക്രിസ്തുവിന്റെ ഭൗതീക ശുശ്രൂഷവേളകളിലാണ് ഭൂതങ്ങളുടെ മേലുള്ള ആധിപത്യത്തിന്റെ ശക്തി സർവ്വവല്ലഭത്വത്തോട് വെളിവാക്കപ്പെട്ടത്. "പിശാചിന്റെ പ്രവർത്തികളെ അഴിപ്പാനല്ലോ ദൈവപുത്രൻ പ്രത്യക്ഷനായത് (1 യോഹ 3:8). യേശു സാത്താനെ ശാസിച്ച് പുറത്താക്കിയതല്ലാതെ അവൻ ഒരിക്കലും സാത്താനെ ബന്ധിച്ചിട്ടില്ല. മാത്രമല്ല ആദിമസഭയുടെ ശുശ്രൂഷകളിലും അന്ധകാരശക്തികളുടെ മേലുള്ള ആധിപത്യം തികച്ചും പ്രകടമായിരുന്നു. (അപ്പോ 8:7, 19:12). എന്നാൽ അപ്പോസ്ഥലന് ഓരോ ശിഷ്യന്മാരോ സാത്താനെ ബന്ധിക്കുവാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. കാരണമെന്തെന്നാൽ "ഭൂതങ്ങളെ പുറത്താക്കുവിൻ" എന്ന് ലളിതമായ കല്പനയാണ് കർത്താവ് നൽകിയത് (മത്തായി 10:8, മർക്കൊ 16:17). സാത്താനോട് നാം എന്തു ചെയ്യേണം എന്നുള്ളതിനെക്കുറിച്ച് വേദപുസ്തകം വളരെ വ്യക്തമാണ്. സാത്താന് ഇടം കൊടുക്കരുത് (എഫെ 4:27). സാത്താനോട് എതിർത്തു നില്പിൻ (എഫെ6:11). പിശാചിനോട് എതിർത്തു നില്പിൻ (യാക്കോ 4:7). നിങ്ങളുടെ പ്രതിയോഗിയായ പിശാചിനോട് നിർമ്മദരായിരിപ്പിൻ (1 പത്രോ 5:8). ഈ തിരുവചന അതിർവരമ്പുകൾ ലംഘിച്ചാൽ അനുമാനത്തിനും നിശാശയ്ക്കും ഇടവരും. സാത്താനെ  അനേക പ്രാവശ്യം ബന്ധിച്ചിട്ടുള്ള അനേക പ്രസംഗകർ ഉണ്ട്. പിന്നീട് അവനെ അഴിച്ചുവിട്ടതാര്? മുൻപുള്ളതു പോലെ അവൻ വീണ്ടും സ്വതന്ത്രനായിരിക്കുന്നു? അവനെ ബന്ധിച്ച കുരുക്ക് ശക്തി ശൂന്യമായിരുന്നുവോ?

യേശു പത്രോസിനോട് പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്താ 16:19). സാത്താനെ ബന്ധിക്കുന്നതിനെ സംബന്ധിച്ച് ഇതിൽ യാതൊരു ഉദ്ധരണിയുമില്ല. സാത്താനെ ബന്ധിക്കുന്നതിനും അഴിച്ചുവിടുന്നതിനും അവൻ സ്വർഗ്ഗത്തിലാണോ? ഈ വേദഭാഗം ഭൂമിയിലെ നമ്മുടെ സ്വർഗ്ഗീയ അധികാരത്തെക്കുറിച്ച് പ്രതിപാദിക്കുന്നു (മത്തായി 18:18)

"ബലവാനെ പിടിച്ചു കെട്ടുക" എന്നതിൽ സാത്താന്റെ ശക്തിയിൽ നിന്നും വിടുവിച്ച് ദൈവാത്മാവിനാൽ ക്രിസ്തുവിൽ ജനങ്ങളെ ശേഖരിക്കുക എന്നാണ് അർത്ഥമാക്കുന്നത്. "സാത്താന്റെ അധികാരത്തിൽ നിന്നും ദൈവത്തിങ്കലേക്ക് തിരിച്ച്" ദൈവാത്മാവിനാൽ ക്രിസ്തുവിനോടുകൂടെ ചേർക്കപ്പെടുക എന്നതാണ് അർത്ഥം (മത്താ 12:28-30, അപ്പോ 26:18). സുവിശേഷം "ദൈവശക്തി" ആകുന്നതിനാൽ ആത്മശക്തിയിൽ അതു പ്രസംഗിക്കപ്പെടുമ്പോൾ സാത്താന്യ ബന്ധനത്തിൽ നിന്നും ദൈവം ജനങ്ങളെ വിടുവിക്കുന്നു (റോമ 1:16, അപ്പോ 1:8). സാത്താന്റെ ശക്തിയെക്കാൾ ശക്തിയേറിയതും അതിനെ അതിജീവിക്കുന്നതുമായ ദൈവീകശക്തിയാൽ ആത്മാക്കൾ വിടുവിക്കപ്പെടുമ്പോൾ, ഫലത്തിൽ സാത്താന്യശക്തി നിർവീര്യമാകുന്നു (1 യോഹ 4:4, അപ്പോ 13:6-12). വീണ്ടും ഇവിടെയും നാം സാത്താനെ ബന്ധിക്കേണ്ടതാണെന്നുള്ളതിന് യാതൊരു നേരിട്ടുള്ള ഉപദേശവും ഇല്ല.

സാത്താൻ ബന്ധനസ്ഥനായി കാണുന്നതിന് ആയിരമാണ്ടു വാഴ്ചവരെ കാത്തിരിക്കേണ്ടതുണ്ട്. "അഗാധകൂപത്തിന്റെ താക്കോലുമായി" സ്വർഗ്ഗത്തിൽ നിന്നു പുറപ്പെടുന്ന ദൂതൻ തന്നെ അതു നിർവഹിക്കും! ഇതിനു ശേഷവും ജനങ്ങൾക്ക് സ്വതന്ത്ര തിരഞ്ഞെടുപ്പു നടത്തേണ്ടതിനായി അല്പ കാലത്തേക്ക് അവൻ വിമോചിക്കപ്പെടും (വെളി 20:1-3).

നരകത്തിലേയ്ക്കോ അഗാധകൂപത്തിലേയ്ക്കോ സാത്താനെ കല്പിച്ചു പറഞ്ഞയയ്ക്കുന്നതാണ് തിരുവചനാധിഷ്ഠിതമല്ലാത്ത സാധാരണ രീതി. ഇതു ചെയ്യുവാൻ ദൈവം നമ്മോട് ആവശ്യപ്പെട്ടിട്ടില്ല. ഒരു സന്ദർഭത്തു മാത്രം ദുരാത്മാക്കളുടെ അപേക്ഷയനുസരിച്ച് അവർ "എവിടെ" പോകണമെന്ന് യേശു പറഞ്ഞതായി നാം കാണുന്നുള്ളൂ! (മത്താ 8:31,32). സാത്താൻ ആകാശത്തിലെ അധിപതിയാണ്. അവനെയും അവന്റെ സൈന്യത്തെയും ഇന്ന് നമുക്ക് നരകത്തിലേക്ക് അയയ്ക്കുവാൻ സാധിക്കുമെങ്കിൽ ആത്മീക പോരാട്ടം എവിടെയാണ്? (എഫെ 2:2, 6:12).

ചില പ്രസംഗകർ സാത്താനെ ശപിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇത് ലാഘവത്തോടെചെല്ലുവാൻ നമുക്ക് അനുവാദം ഇല്ല. "പ്രധാന ദൂതനായ മിഖായേൽ (പോലും) മോശയുടെ ശരീരത്തെക്കുറിച്ചു പിശാചിനോടു തർക്കിച്ചു വാദിക്കുമ്പോൾ ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേയുള്ളൂ"! (യൂദ 9).

സാത്താന് തിരുവചനം നന്നായിട്ടറിയാം. നാം ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ അവൻ നമ്മെ പരിഹസിച്ച് അപഹസിക്കും.


# BETHANY SCHOOL OF NURSING

**പ്ലസ് 2 പാസ്സായ വിദ്യാർത്ഥിനികൾക്ക് മൾട്ടി പർപ്പസ്**

**ഹെൽത്ത് വർക്കർ (MPHW) കോഴ്സ് പഠിക്കാൻ ഒരു സുവർണ്ണാവസരം.**

അപേക്ഷിക്കേണ്ട യോഗ്യതകൾ

1. +2 പാസ്സായ വിദ്യാർത്ഥിനികൾക്കു മാത്രം
2. പ്രായം 17 വയസ്സുമുതൽ 30 വയസ്സുവരെ

**ബഥനി സ്കൂൾ ഓഫ് നഴ്സിംഗിന്റെ പ്രത്യേതകൾ**

1. കഴിഞ്ഞ 12 വർഷങ്ങളായി നല്ല രീതിയിൽ പഠനം നടക്കുന്നു.
2. തമിഴ്നാട് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. (അംഗീകാര നമ്പർ 223 തീയതി 5-7-2000)
3. ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് (നമ്പർ 18-29/128 തീയതി 27-1-2012)
4. അനുഭവസമ്പന്നരായ അദ്ധ്യാപകർ പഠിപ്പിക്കുന്നു.
5. ആദിവാസി വിദ്യാർത്ഥിനികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ
6. എല്ലാ സൗകര്യങ്ങളോടു കൂടെയുള്ള താമസസ്ഥലം

അപേക്ഷാ ഫാറത്തിന് ബന്ധപ്പെടേണ്ട അഡ്രസ്സ്:

**PRINCIPAL, BETHANY SCHOOL OF NURSING**
**ANAKATTY P.O, COIMBATORE - 641108, TAMIL NADU**
PHONE : 0422-2657023, 2657025 - EXTN :119

പൂരിപ്പിച്ച അപേക്ഷാഫാറം ഓഫീസിൽ ലഭിച്ചിരിക്കേണ്ട അവസാനതീയതി 30-6-2015
ക്ലാസ് തുടങ്ങുന്നത്: 2015 ആഗസ്റ്റ്

# ഞാൻ തെരഞ്ഞെടുത്തിരിക്കുന്നോരു പാത്രം (അപ്പോ 9:15)

ദമസ്ക്കോസിൽ കർത്താവിന്റെ ശിഷ്യനായ അനന്യാസിനോട് ശൗലിനെ (പൗലൊസ്) ക്കുറിച്ച് പറയുന്ന സാക്ഷ്യമാണ് മുകളിലുദ്ധരിച്ചിരിക്കുന്നത്. ഓരോ രക്ഷിക്കപ്പെട്ട ദൈവപൈതലും, ശിഷ്യനും, ദാസനും എല്ലാം കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ടവനായിരിക്കണം. യേശുക്രിസ്തുവിന് ഹൃദയത്തെ പകർന്നുകൊടുത്ത, സമർപ്പിക്കപ്പെട്ട വ്യക്തിയാണ് ഒരു ദൈവപൈതൽ. അവർ കർത്താവിൽ പൂർണ്ണമായി വിശ്വാസം അർപ്പിച്ചവരും സമർപ്പിക്കപ്പെട്ടവരും ആയിരിക്കും. കാൽവറികുരിശിൽ ഒഴുക്കപ്പെട്ട കർത്താവിന്റെ രക്തത്താൽ കഴുകപ്പെട്ടവർ ആയിരിക്കും. പാപങ്ങൾ മുഴുവനായി ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ലോകത്തിന് അനുരൂപരാകാതെ ഒരു വേർപെട്ട വിശുദ്ധജീവിതം നയിക്കുന്നവർ. കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടുവാനുള്ള പ്രധാന യോഗ്യത അതാണ്. അങ്ങനെ പാപമോചനം പ്രാപിച്ചു എന്നു ഉത്തമബോദ്ധ്യമുള്ളവർക്കു മാത്രമേ. കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ടു എന്നു ഉറപ്പ് പറയുവാൻ സാധിക്കുയുള്ളൂ. പൗലോസ് കർത്താവിന്റെ വിളി നേരിട്ടു കേട്ട വ്യക്തിയാണ്. അങ്ങനെ താൻ കർത്താവിന്റെ ശിഷ്യനായിത്തീർന്നു.

ശിഷ്യത്വം അതിൽതന്നെ വളരെ പ്രാധാന്യമുള്ളതും, ദൈവമക്കൾ പഠിക്കേണ്ട വിഷയവുമാണ്. ഒരു ശിഷ്യൻ അവന്റെ ഗുരുവിന്റെ ഇംഗിതത്തിനനുസരിച്ച് അദ്ദേഹത്തിന് സാക്ഷ്യക്കേടുണ്ടാക്കാതെ ജീവിക്കുന്നവനാണ്. ഗുരുവിന്റെ ഗുണഗണങ്ങൾ ഒക്കെ ശിഷ്യനിലും കാണണം. തന്നെയുമല്ല ഗുരുവിനെ അനുകരിക്കുന്നവനും ആയിരിക്കണം. ആ നിലയിൽ കർത്താവിന്റെ ശിഷ്യനെ സംബന്ധിച്ച് കർത്താവിനെ പൂർണ്ണമായി അനുകരിക്കുന്നവനായിരിക്കണം.

യജമാനൻ പറയുന്ന കാര്യങ്ങൾ അതേപോലെ അനുസരിക്കുന്നവനാണ് ദാസൻ. അവൻ യജമാനനു വേണ്ടി പ്രവർത്തിക്കുന്നവനാണ്. 100 ശതമാനം യജമാനനായി സമർപ്പിക്കപ്പെട്ടത് ആയതിനാൽ ഒരു അടിമയുടെ എല്ലാ ഗുണങ്ങളും അവനിൽ കാണണം. ഒരിക്കലും ദിവസക്കൂലിക്കു ജോലി ചെയ്യുന്നവനല്ല. കൂലി ആഗ്രഹിച്ചു ജോലി ചെയ്യുന്നവനുമല്ല. കിട്ടുന്നതിനനുസരിച്ചു വേല ചെയ്യുക എന്നത് ഒരിക്കലും അവൻ ചെയ്തു കൂടാത്തതാണ്. അത്തരം ഒരു ആഗ്രഹം പോലും അവന്റെ മനസ്സിൽ ഉണ്ടാകുവാൻ പാടുള്ളതല്ല. ഒരു കർത്തൃദാസൻ അതിനെക്കാൾ എത്രയോ യോഗ്യമായി തന്നെ വീണ്ടെടുത്ത കർത്താവിനുവേണ്ടി ജീവിക്കേണ്ടവനാണ്.

ഇങ്ങനെ കർത്താവു തനിക്കുവേണ്ടി വിളിച്ചു വേർതിരിച്ച കൂട്ടത്തിൽ നിന്നും ചിലരെ അപ്പൊസ്തലന്മാരും, പ്രവാചകന്മാരും, സുവിശേഷകന്മാരും, ഇടയന്മാരും, ഉപദേഷ്ടാക്കന്മാരുമായി നിയമിച്ചിരിക്കുന്നു. അപ്പൊസ്തലന്മാരെ കർത്താവു നിയമിച്ചു. അവരുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിച്ച് അവർ കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. യോഹന്നാൻ ഒഴികെ ബാക്കിയെല്ലാവരും രക്തസാക്ഷികളായിത്തീർന്നു എന്നു ചരിത്രം പറയുന്നു. അതേപോലെ പ്രവാചകന്മാരും. ഇവർ ദൈവസഭയുടെ അടിസ്ഥാനപണിയ്ക്കായി കർത്താവു പ്രത്യേകമായി ഉപയോഗിച്ചവരാണ്. പത്രോസിനോടു കർത്താവു പറഞ്ഞു “ഞാൻ നിന്നെ മനുഷ്യനെ പിടിക്കുന്നവനാക്കും” അതു നിറവേറിയതായി കാണാം.

സുവിശേഷകന്മാരായി ചിലരെ കർത്താവ് വിളിച്ചു വേർതിരിച്ചു. ആ നാമത്തിൽ ഇന്നു രണ്ടു വ്യത്യസ്ത കൂട്ടരെ കാണാം. **ഒന്ന്: കർത്താവു വിളിച്ചു വേർതിരിച്ചവർ**. അവർ ദൈവവിളികേട്ട് സകല സ്വയവും വിട്ട് കർത്താവിന്റെ രാജ്യത്തിന്റെ കെട്ടുപണിയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചവർ. അവരുടെ വഴിയിലുള്ള സകല പ്രതിബന്ധങ്ങളിലും അവർ കർത്തൃമുഖത്തേക്കു നോക്കി പതറാതെ എല്ലാത്തിനെയും തരണം ചെയ്തു വിജയത്തിലേക്കു പോകുന്നവർ. എന്തിനും അവർ മനുഷ്യരുടെ മുഖത്തേക്കു നോക്കാറില്ല. അപേക്ഷകൾ അയക്കാറില്ല. ആവശ്യങ്ങൾ പറയാറില്ല. ദൈവമുഖത്തേക്കു മാത്രം നോക്കുന്നു. അവരുടെ ഏക ലക്ഷ്യം സുവിശേഷം അറിയിക്കുക. ആത്മാക്കളെ നേടുക. സുവിശേഷകന്റെ വേല ചെയ്ത് വിളിയനുസരിച്ചു പ്രവർത്തിക്കുന്നവർ.

## മുൻപ് പറഞ്ഞതിനും ഇതിനുമുള്ള വ്യത്യാസം മനസ്സിലാക്കണം

രണ്ട്: **കർത്താവിനെ വിളിച്ചിറങ്ങിയവർ**. അവരുടെ ലക്ഷ്യം വയറ്, കീശ നിറയ്ക്കുക. ഇവർ കപടഭക്തിക്കാർ, വചനവിരുദ്ധമായി പ്രവർത്തിക്കുന്നു. ഒരു സഭയിൽനിന്നുകൊണ്ട് സഭയ്ക്ക് കീഴ്പെട്ട് പ്രവർത്തിക്കുവാൻ സാധിക്കില്ല. എന്തിനും ഏതിനും മനുഷ്യമുഖത്തേക്കു നോക്കു കയും വചനവിരുദ്ധമായ പ്രസ്ഥാനങ്ങളുമായി അപേക്ഷകളുമായി അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. ഇവർ മുഖാന്തിരം ദൈവനാമം ദുഷിക്കപ്പെട്ടിരിക്കുന്നു. ആത്മീയശുശ്രൂഷകൾ എന്തെങ്കിലും ചെയ്യുവാൻ ഇവർക്കു സാധിക്കുന്നില്ല. അല്പ വാക്ചാതുര്യം ഉണ്ടെങ്കിൽ അതിൽ മതിമറന്ന് പുകഴുകയും, അവസരത്തിനനുസരിച്ച് ഒരു ശുശ്രൂഷയും ചെയ്യുവാൻ സാധിക്കാതെയുമിരിക്കുന്നു. പലവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് അധികവും. തൊഴിൽ എന്തെന്നു ചോദിച്ചാൽ കപടം പറഞ്ഞ് വിദേശങ്ങളിൽ ചേക്കേറുവാൻ പോകുന്നവരും കുറവല്ല. ധനസമ്പാദനം എന്ന ഏകലക്ഷ്യം. കൂട്ടത്തിൽ കുറച്ചു കസർത്തകളും, ബലഹീനരായ സഹോദരങ്ങളെ കബളിപ്പിച്ച് ഇങ്ങനെ ദ്രവ്യാഗ്രഹികൾ ആയ ഇവർ എവിടെ കണക്കു കൊടുക്കും.

**ഇടയന്മാരുടെ ജോലി ഇടയശുശ്രൂഷയാണ്**. അതിന് വരം ലഭിച്ചവരും ദൈവത്താൽ ആക്കപ്പെട്ടവരും അല്ലാതെ, ആരും അതു മോഹിക്കുവാൻപോലും പാടുള്ളതല്ല. ഒരു വലിയ ഉത്തരവാദിത്തം ഉള്ള ജോലിയാണ്. ഇതിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചു കേട്ട ഒരു മൂപ്പനായി അവരോധിക്കപ്പെട്ട ആൾ അതുപേക്ഷിച്ചതായി അറിയാം. ചില അധികാരങ്ങളും മേശയിലെ ശുശ്രൂഷയും ആണ് മൂപ്പന്റെ ശുശ്രൂഷ എന്നു ധരിച്ചുവച്ചിരിയ്ക്കുന്ന ധാരാളം പേരുണ്ട്. ദൈവത്തിന്റെ സഭയെ പരിപാലിക്കേണ്ട, പോറ്റിപുലർത്തേണ്ട ഇടയന്മാർ, സഭാംഗങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവരായി ഞായറാഴ്ച മാത്രം ബന്ധംകൊണ്ടു കഴിയുന്നത് എത്രയോ ഖേദകരം. ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുക, ആട്ടിൻകൂട്ടത്തെ ഭരിക്കുക, ഏതോ പ്രത്യേക അധികാരം കിട്ടിയവരായി നടിച്ച് യാതൊരു മാതൃകയുമില്ലാത്തവരായി നടക്കുന്ന അനേകരും, ഉപദേശസത്യങ്ങളെക്കുറിച്ച് ഒരറിവും ഇല്ലാത്ത ഈ ഇടയന്മാർ, ദുരുപദേശക്കാരോടും ചങ്ങാത്തം ഉണ്ടാക്കി കസേര ഉറപ്പിക്കുക മാത്രമാണ് ലക്ഷ്യം. സഭയുടെ ആത്മീയപോഷണത്തിനായി ഒന്നും ചെയ്യുവാൻ ഇവർക്കു നേരമില്ല. സമ്മർദ്ദത്തിനു വഴങ്ങി ഒരാണ്ടിൽ ഒരു വചനശുശ്രൂഷ ചെയ്താൽ അതും എഴുതി വായിച്ച് തൃപ്തിയടയുന്നു ഇക്കൂട്ടർ. എങ്ങനെ ദൈവസഭ അധഃപതിക്കാതിരിക്കും!

ഇന്നത്തെ ഉപദേഷ്ടാക്കന്മാരിൽ അധികവും നട്ടെല്ല് ഇല്ലാത്തവരും ഉപദേശം അറിയാത്ത ഉപദേഷ്ടാക്കന്മാരുമാണ്. എന്ത് ദുരുപദേശങ്ങൾ സഭകളിൽ ആഞ്ഞടിച്ചാലും അതിൽ പ്രതികരി

ക്കാത്ത ഇവർക്കു സ്ഥാനവും മാനവും സാമ്പത്തികവും മാത്രം ലക്ഷ്യം. ഇവരെയെല്ലാം പ്രോത്സാഹിപ്പിക്കുകയും കൈക്കുമ്പിളിൽ കൊണ്ടുനടക്കുന്നതിൽ അഭിമാനം കൊള്ളുന്നവർ അനേകർ. അനീതിക്കെതിരായി വായ് തുറക്കുവാൻ ആരുമില്ലാത്ത അവസ്ഥ.

"എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും" (യോഹ 12:26). "എനിക്കു" എന്ന വാക്ക് പ്രത്യേകം ശ്രദ്ധേയമാണ്. കർത്താവിനുവേണ്ടി എന്ന നിലയിൽ ശുശ്രൂഷ ചെയ്യുന്ന എത്ര പേരുണ്ട്? ഇന്ന് വ്യക്തിപ്രഭാവത്തിനാണ് മുൻതൂക്കം. സഭാശുശ്രൂഷകൾക്കും മറ്റും ക്ഷണിക്കുന്നത് ആത്മീയന്മാരെയാണോ? അത്തരക്കാർ ആരുണ്ട് എന്നു ചോദിച്ചേക്കാം. ശരിയാണ്. വളരെ ചുരുക്കം. ആരുമില്ല എങ്കിൽ അത്തരം ശുശ്രൂഷകൾ നടത്തണ്ട. വളരെ പണം ചെലവഴിച്ച് നടത്തുന്ന ഇത്തരം കൂടിവരവുകൾക്ക് ചിലവാക്കുന്നത്, കർത്താവിനുവേണ്ടി വേല ചെയ്യുന്നവർക്കു കൊടുത്താൽ അതിന്റെ പ്രതിഫലം ലഭിക്കും. ഇന്ത്യയിലെ സുവിശേഷീകരണവുമായി ബന്ധപ്പെട്ട് ഗൾഫിൽ നിന്നും അമേരിക്കയിൽ നിന്നും സഹോദരന്മാർ വന്ന് സുവിശേഷകന്മാരെ കൂട്ടി ചില മീറ്റിംഗുകൾ നടത്തി, അവർക്ക് പാരിതോഷികവും നൽകിവരുന്ന പ്രവണത അവസാനിപ്പിക്കാതെ ഇവിടുത്തെ സുവിശേഷകന്മാർ നന്നാകുകയില്ല എന്ന സത്യം മറക്കരുത്. എന്തിനും ഏതിനും ദൈവമുഖത്തേക്കു നോക്കുവാൻ നേരമില്ലാതെ ഗൾഫ്, അമേരിക്കൻ നാടുകളെ ആശ്രയിക്കുന്ന തിരഞ്ഞെടുത്ത വീടുകൾ സന്ദർശിച്ചു സമയം കളയുന്ന ഇത്തരക്കാരുടെ വേലയുടെ പ്രാധാന്യം മനസ്സിലാക്കാതെ പോകരുത്.

തനിക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്ന എത്രപേരെ കർത്താവ് കണ്ടെത്തും. ദൈവനാമം അനേകരിൽക്കൂടി ദുഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അനീതികൊണ്ടു സത്യത്തെ തടുക്കുന്ന ഈ പ്രവണത എന്നു ഇല്ലാതാക്കുന്നുവോ അന്നു മാത്രമേ സത്യം അനേകരിൽ എത്തുകയുള്ളൂ. ദൈവജനം ഉണരേണ്ടിയിരിക്കുന്നു.

## വലങ്കൈ ചെയ്യുന്നത് ഇടംകൈ അറിയരുത്!

മോളിയും മമ്മിയും

മോളി: മമ്മീ! എന്റെ പോക്കറ്റുമണിയിൽനിന്നു ഞാൻ 50 രൂപ ദൈവകാര്യത്തിനായി കൊടുത്തു.

മമ്മി: മോളെ! 10 രൂപാ കൊടുക്കുന്നു എന്നല്ലേ നീ മുമ്പെ പറഞ്ഞിരുന്നത്? പിന്നെന്തിനാണ് പെട്ടെന്നു തുക കൂട്ടിയത്?

മോളി: മമ്മീ! ദൈവകാര്യത്തിനല്ലേ? കൂടുതൽ കൊടുക്കുന്നത് നല്ലതല്ലേ?

മമ്മി: വളരെ നല്ലതാണ് മോളെ എന്നാൽ ആദ്യം നിനക്കു ആ ബോധ്യം ഉണ്ടാകാഞ്ഞത് എന്താണ്?

മോളി: മമ്മീ! ആദ്യം സണ്ടേസ്കൂൾ സാർ പറഞ്ഞത് ഓരോരുത്തരും സഞ്ചിയിൽ ഇട്ടാൽ മതി എന്നാണ്. അപ്പോൾ ഞാൻ വിചാരിച്ചു പത്തു രൂപാ ഇടാമെന്ന്. എന്നാൽ പിന്നീട് സാർ ഓരോരുത്തരുടെയും പേരും തുകയും എഴുതിയിട്ടാണ് പണം വാങ്ങിയത്. അപ്പോൾ ഞാൻ വിചാരിച്ചു മറ്റുള്ളവരെക്കാൾ ഞാൻ കുറയരുതെന്നു അതുകൊണ്ടാണ് 50 രൂപ കൊടുത്തത്.

മമ്മി: മോളെ! മനുഷ്യന്റെ പ്രശംസയ്ക്കായി നാം കൊടുക്കുന്നതിനുള്ള പ്രതിഫലം. ആ പ്രശംസ മാത്രമാണ്. ആരും അറിയാതെ ദൈവനാമത്തിൽ ചെയ്യുന്നതിനാണ് ദൈവം പ്രതിഫലം തരുന്നത്.



Thiru.Mosa Valsalam Sasthiriyar


# പ്രശസ്തനായ ക്രിസ്തീയ ഗായകന്റെ അനുഭവ സാക്ഷ്യം:

**പ്രശസ്തനായ ക്രിസ്തീയ ഗായകന്റെ അനുഭവ സാക്ഷ്യം**: ശ്രീ.മോശ വൽസലം ശാസ്ത്രിയാർ അവർകളുടെ പേരിൽ നൽകുന്ന **സാക്ഷ്യപത്രവും**, ഫലകവും അവാർഡായി കണ്ണൂർനിവാസിയും, CSI സഭാംഗവും പ്രശസ്തഗാനരചയിതാവും, ഗായകനും ആയ **S.K സിറിൾ അവർകൾക്ക് ലഭിച്ചു**. കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 15 പേരിൽ ഒരാളായിരുന്ന S.K സിറിൾ അവർകൾക്കു ലഭിച്ച അവാർഡിനു അദ്ദേഹത്തെ ജാമക്കാരന്റെ പേരിലും എന്റെ പേരിലും അനുമോദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു.



ഈ അവാർഡ് ചടങ്ങ് സൗത്ത് കേരളാ ഡയോസിസിന്റെ എൽ.എം.എസ് പോളിയോ ഹോമിൽ വച്ച് 2015 ഫെബ്രുവരി 28-ാം തീയതി അന്ന് **ബിഷപ്പ് റൈറ്റ്.റവ.എ.ധർമ്മരാജ് റസാലം** തിരുമേനിയുടെ കൈയ്യിൽ നിന്നും സിറിൾ അവർകൾ വാങ്ങി യതാണ്ഈപടത്തിൽ കാണുന്നത്.

## ഇനി S.K സിറിളിന്റെ അനുഭവസാക്ഷി നമുക്ക് വായിക്കാം



S.K സിറിൾ ആയ ഞാൻ ക്രിസ്തീയഗാനങ്ങൾ പല വർഷങ്ങളായി പാടിക്കൊണ്ടിരുന്നു. പക്ഷെ എന്റെ ജീവിതത്തിൽ മാനസാന്തര അനുഭവം ഇല്ലാതെ ക്രിസ്തീയ ഗാനങ്ങളെ പാടി ജനങ്ങളെ ആകർഷിച്ചു. Dr.Pusharaj അവർകളുടെ യോഗങ്ങളിൽ ഞങ്ങൾ ഗ്രൂപ്പായി ചെന്നു പാട്ടുകൾ ആലപിക്കുകയും ചെയ്തു. അങ്ങനെ ഒരു കൺവൻഷന് Dr.Pusharaj അവർകളുടെ പ്രസംഗം കേട്ടു. മാനസാന്തര അനുഭവത്തിലേക്ക് വരുവാൻ ദൈവം എന്നെ സഹായിച്ചു. ഡോ.പുഷ്പരാജ് അവർകളുടെ പ്രാർത്ഥന വഴിയായി ദൈവം എന്നോടു സംസാരിച്ചു. അത് ഒരു പ്രത്യേക അനുഭവമായിരുന്നു. എന്റെ ജീവിതത്തിൽ ഒരു ദിവസം 10

പാക്കറ്റ് സിഗരറ്റ് വലിക്കുമായിരുന്നു (100 സിഗരറ്റുകൾ). ആ ബലഹീനതയോടെ യേശുവിനെ സ്തുതിച്ചു പാടിക്കൊണ്ടിരുന്നു. 1979 മാർച്ച് 31-ാം തീയതി നടന്ന ഒരു കൺവൻഷനിൽ എല്ലാവരും പ്രാർത്ഥിക്കാൻ ഡോക്ടറിന്റെ അടുത്തു വന്നപ്പോൾ എന്റെ ഭാര്യയും വന്നു മുട്ടുമടക്കി. ഡോക്ടർ **Pushparaj** അവർകൾ എന്റെ ഭാര്യയുടെ തലയ്ക്കുമേൽ കൈവച്ചു. "മകളെ വർഷങ്ങളായി നിന്റെ മനസിനെ വിഷമിച്ചു ഭാരപ്പെടുത്തുന്ന കാര്യങ്ങളെ ദൈവം അറിഞ്ഞു. തീർച്ചയായും മാറ്റം ലഭിക്കും." എന്ന് പ്രാർത്ഥനയിൽ **ഡോ.പുഷ്പരാജ്** അവർകൾ പറഞ്ഞു. അതിന്റെ ശേഷം എന്റെ ഭാര്യയോടു ഞാൻ ചോദിച്ചു. ഡോക്ടർ നിന്നോടു പ്രാർത്ഥിച്ചു നിന്റെ മനസ് വേദനപ്പെടുത്തുന്ന വിഷയം എന്ത്? അതിന് **നിങ്ങൾ മാനസാന്തരപ്പെടാത്തതും, പുകവലിയാണ്** എന്റെ മനസ്സ് വേദനിപ്പിച്ചത്എന്ന് അറിയിച്ചു.അന്നു മുതൽ ഞാൻ പുകവലിനിർത്തി മാനസാന്തരപ്പെട്ടു.

ഞാൻ അതിന്റെശേഷം പാപ്പനിശേരി ഗോസ്പൽ ടീം എന്ന സംഘടന തുടങ്ങി. അതിൽ കൂടി പലസ്ഥലങ്ങളിൽ ഗ്രൂപ്പായി ഗാനങ്ങളിൽ കൂടിയും സാക്ഷ്യങ്ങളിൽ കൂടിയും സുവിശേഷം അറിയിച്ചും അന്ന് ഞാൻ എഴുതിയ "യേശു മതി എനിക്കേശു മതി" എന്ന പാട്ട് എല്ലാവരുടെയും മനസ്സിൽ ആത്മീക മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആ പാട്ട് മൂലം ഞാൻ കേരളം മുഴുവനും അറിയപ്പെട്ടു. അതിന് ശേഷം ഏകദേശം 180 പാട്ടുകൾ എഴുതിയിട്ടുണ്ട്. അതിൽ പ്രശസ്തമായ ചിലത്:

1. പാതകങ്ങൾ ഏറെക്കാലം
2. എൻ ദൈവം നല്ലവൻ
3. ഉഷസുണരുമ്പോഴും
4. ഈ ലോകവാസം ശാശ്വതമെന്നും
5. നിത്യതയിൽ നീ എവിടെ കഴിക്കും
6. എൻ ജീവ നാഥാ
7. വെള്ളി മേഘങ്ങളെ
8. ശാശ്വതമല്ല നിൻ ജീവിതകാലം
9. ഗീതങ്ങൾ പാടി
10. നീലാകാശം ഭൂമി

1985-ൽ എന്റെ ഇടതുകാലിന് മാരകമായ ഒരു രോഗം പിടിപ്പെട്ടു. മംഗലപുരം ആശുപത്രിയിൽ കിടത്തി. പരിചയപ്പെട്ട അനേക ദൈവദാസന്മാർ വന്ന് പ്രാർത്ഥിച്ച് ഒന്നും സംഭവിക്കയില്ല. രോഗം ഭേദം ആകും എന്ന് പറഞ്ഞു. എന്നാൽ **ഡോ.പുഷ്പരാജ്** അവർകൾ പറഞ്ഞു. നിങ്ങളുടെ കാലിന്റെ വേദന ശമിക്കും പക്ഷെ പ്രയാസങ്ങൾ നീണ്ടു നിൽക്കും. എന്നെ കാണുവാൻ അദ്ദേഹം മംഗലാപുരത്ത് വന്ന് പ്രാർത്ഥിച്ച് പിരിഞ്ഞുപോയി. ആറുമാസത്തിന് ശേഷം ഞാൻ ആശുപത്രി വിട്ടു. ഒരു വിധത്തിൽ നടക്കാമായിരുന്നു. പിന്നെ ഡോ.പുഷ്പരാജ് അവർകളുടെ ഒരു കത്ത് എനിക്ക് കിട്ടു. നിങ്ങൾ ഒരു കാലില്ലാത്തവനായി ഒരു സ്റ്റേജിൽ നിന്ന് പാടുന്നതായി ഞാൻ ദർശനത്തിൽ കണ്ടു. ഭയപ്പെടേണ്ട ദൈവത്തിന് ഒരു ഉദ്ദേശം ഉണ്ട്. പിന്നീട് ജൂലൈ മാസത്തിൽ ഡോക്ടറുടെ കൺവൻഷനിൽ പങ്കെടുത്തു. അതിന് ശേഷം എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. "ദൈവമേ ഈ മകൻ വീണ്ടും ആശുപത്രിയിൽ പോകുമല്ലോ. അവന്റെ ഒരു കാൽ നഷ്ടമാകുമല്ലോ, എങ്കിലും അവൻ തളർന്നു പോകാതെ ബലം നൽകുക എന്ന് ദൈവം കൊടുത്ത ദർശനം കണ്ട് അദ്ദേഹം പ്രാർത്ഥിച്ചു. ഓഗസ്റ്റ് മാസത്തിൽ വീണ്ടും ആശുപത്രിയിൽ ആയി. ഓഗസ്റ്റ്

25–ാം തീയതി എന്റെ കാൽ മുറിച്ചു മാറ്റി. എന്റെ കാൽ മുറിക്കുവാനായി ഓപ്പറേഷൻ തിയറ്ററിലേക്ക് കൊണ്ടുപോകുമ്പോൾ ഒരു പാട്ട് ഞാൻ പാടി. അതാണ് **'എന്നേശുവേ നിൻ സ്നേഹം അപാരമേ. എന്റെ ദൈവമേ നിൻ സ്നേഹം അഗാധമേ."** അതിന്റെ അടുത്ത വാക്ക്. "അന്ധനായി ഞാൻ അലഞ്ഞു രോഗത്താൽ ഞാൻ വലഞ്ഞു. ദൂരസ്ഥരായി സർവ്വരുമേ ചാരത്തെൻ യേശു മാത്രം." മുൻപ് ഞാൻ എഴുതിയ **''യേശു മതി എനിക്കേശു മതി ക്ലേശങ്ങൾ മാത്രം സഹിച്ചെന്നാലും അപ്പോഴും പാടും ഞാൻ ദൈവമേ നീ എത്ര നല്ലവൻ."** ഈ രണ്ട് പാട്ടുകൾക്കായിരുന്നു എനിക്കു അവാർഡ് ലഭിച്ചത്.

എന്റെ ഭാര്യ കർത്താവിൽ നിദ്ര പ്രാപിച്ചു. ഇപ്പോൾ ഞാൻ ഒറ്റക്കായിരുന്നിട്ടും ദൈവം എന്നോടു കൂടെയിരുന്ന് എന്നെ ആശ്വസിപ്പിക്കുന്നു. ഇപ്പോഴും എന്റെ യേശു എനിക്കു മതി എന്ന് പാടിയപാട്ടിന്റെ അനുഭവം എനിക്കുള്ളിൽ ഉണ്ട്. ഈ അവസ്ഥയിലും ഞാൻ ദൈവത്തെ സ്നേഹിച്ചും, പാടികൊണ്ടും ഇരിക്കുന്നു. മരണം വരെ ദൈവത്തോടു പിറുപിറുക്കാതെ ഞാൻ എഴുതിയ പാട്ട് എന്നെ തന്നെ ആശ്വസിപ്പിച്ച് ദൈവത്തെ മറക്കാതെ ഒരു ജീവിതം എനിക്കു ലഭിക്കട്ടെ എന്ന് ഇത് വായിക്കുന്ന എല്ലാവരും എനിക്കു വേണ്ടിയും, എന്റെ മക്കളുടെ കുടുംബങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്
എസ്.കെ.സിറിൾ
ഭരണശേരി, കണ്ണൂർ

# തിരുപുറത്തിലിരുന്നു മേട്ടൂർ വന്ന പിശാച്

32 വർഷങ്ങൾക്കു മുമ്പ് നടന്ന തിരുപുറം സി.എസ്.ഐ കൺവൻഷൻ കഴിഞ്ഞശേഷം ഞാൻ എന്റെ നാട്ടിലേക്ക് മടങ്ങി. എന്റെ ഭാര്യയും മക്കളും സേലം ഗവ: ഹോസ്പിറ്റലിൽ ഇരുന്ന് മേട്ടൂർ ഡാം സ്ഥിതിചെയ്യുന്ന ഗവ.ഹോസ്പിറ്റലിലേക്ക് ട്രാൻസ്ഫർ ആയതുകൊണ്ട്, അവിടെ ഒരു വാടകവീട്ടിൽ, എന്റെ 2 കൊച്ചുമക്കളോടുമൊത്ത് വാടകവീട്ടിൽ താമസിച്ചിരുന്നു. എന്റെ ഭാര്യയേയും മക്കളേയും കാണുവാൻ ഞാൻ മേട്ടൂരിലേയ്ക്ക് ചെന്നു. അപ്പോൾ എന്റെ ഭാര്യ പറഞ്ഞ സംഭവം വായനക്കാരായ നിങ്ങളോട് ഞാൻ പങ്കുവെയ്ക്കുന്നു. എന്റെ യോഗത്തിൽ രോഗസൗഖ്യം ലഭിച്ചവരും അത്ഭുതം പ്രാപിച്ചവരും ധാരാളം ഉണ്ട്. അവർ എഴുതിയ കത്തുകൾ ഒന്നും തന്നെ ഞാൻ എന്റെ മാസികയിൽ പ്രസിദ്ധീകരിക്കാറില്ല. എന്റെ യോഗങ്ങളിലും സ്റ്റേജിൽ സാക്ഷിപറയുവാൻ ഞാൻ അനുവദിക്കാറില്ല. ഈ സാക്ഷികൾ പറയുമ്പോൾ അവർ എന്നെയാണ് ഉയർത്തുന്നത്. യെഹസ്കേൽ 48:8 'ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല" എന്ന് ദൈവം പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ മഹത്വം ദൈവവേലക്കാരനുള്ളതല്ല. അവർ ദൈവത്തിന്റെ കൈയിലെ ഒരു ഉപകരണം മാത്രമാണ്.

ഇപ്പോൾ ഞാൻ എഴുതുന്ന ഈ സാക്ഷ്യം, 32 വർഷങ്ങൾക്കു മുമ്പ് അവിടെ സംഭവിച്ചതാണ്. അവിടേക്ക് ഞാൻ കൺവൻഷനുവേണ്ടി വീണ്ടും 2015 April ൽ തിരുപുറം കൺവൻഷനു പോയപ്പോൾ സഭാജനങ്ങളും നാട്ടുകാരും അന്ന് സംഭവിച്ച ആ അത്ഭുത സംഭവങ്ങളെ എന്നോടു പറയുവാൻ ഇടയായി. അത് എന്റെ വായനക്കാരായ നിങ്ങളോടും പങ്കുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് എന്റെ പ്രശംസക്കായിട്ടല്ല മറിച്ച്, ദൈവനാമമഹത്വത്തിനായും ചില ആത്മീ

യമർമ്മങ്ങളെ നിങ്ങൾക്ക് മനസ്സിലാക്കി തരേണ്ടതിനുമായി മാത്രമാണ്.

32 വർഷങ്ങൾക്ക് മുമ്പ് യോഗം നടക്കുന്ന ആദ്യദിവസം ഒരു മരണവാർത്ത അച്ചൻ Rev.Swamidass അവർകളുടെ അടുത്ത് ആൾക്കാർ അറിയിക്കുകയുണ്ടായി. യോഗം കഴിഞ്ഞ ശേഷം അച്ചൻ എന്നെയും കൂട്ടി ആ വീട്ടിലേക്ക് പ്രാർത്ഥിക്കുവാൻ പോയി. അവിടെ Mrs.Sarojini എന്ന സഹോദരി ഒരു മാസമായി ഹോസ്പിറ്റലിൽ ബോധരഹിതയായി ആയിരുന്ന അവരെ ഡിസ്ചാർജ് ചെയ്തു വീട്ടിൽ കൊണ്ടുവന്നിരുന്നു. 7 ദിവസം മരണാസന്നയായി കിടന്നിരുന്നു. യോഗം നടന്ന ആ രാത്രി ഡോക്ടർ വന്ന് കാണുകയും, ഏതാനും നിമിഷങ്ങളിൽ മരിക്കപ്പെടും എന്ന് പറഞ്ഞു. അതുകൊണ്ട്, മക്ക ളേയും ബന്ധുക്കളേയും വിളിച്ചുവരുത്തി കല്ലറകുഴി വരെ തയ്യാറാക്കിയിരുന്നു. ഈ അവസരത്തിലാണ്, അച്ചൻ എന്നെയും കൊണ്ട്, അവിടേക്ക് പോയത്. ഞാൻ ഒരു ഡോക്ടർ എന്ന നില യിൽ പരിശോധന ചെയ്യുവാൻ ഇടയായി. Pulse Jeeble (low) ആയിരുന്നു. എനിക്കും, ചില നിമിഷങ്ങൾക്കകം, മരണം സംഭവിക്കുമെന്ന് മനസ്സിലായി എന്നാലും സംസാരിക്കുന്നത് ഇങ്ങനെ ഉള്ളവർക്കു കേൾക്കുവാൻ സാധിക്കാം എന്ന് എനിക്ക് അറിയാവുന്നതുകൊണ്ട്, ആ സഹോദരിയുടെ ചെവിയിൽ ആത്മാവിനെ ദൈവകരങ്ങളിൽ ഏൽപ്പിക്കുവാൻ വേണ്ടിയും ഉപദേശിച്ചു. അതിനുശേഷം, ഞാൻ അവിടെ ഉണ്ടായിരുന്ന എല്ലാവരുടെയും ആശ്വാസത്തിനായി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ അവസാനം എന്റെ കൈ ആ സഹോദരിയുടെ തലയ്ക്കുമേൽ വെച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. കൈവച്ചതും, ആ സഹോദരി നിലവിളിച്ചു തുള്ളിച്ചാടി കട്ടിലിൽ നിന്നും താഴേക്കു വീണു. ആ നിലവിളി ആ രാത്രി നാട്ടിലെ എല്ലാവരും കേൾക്കുവാൻ ഇടയായി. ഇത്രയും ദിവസം ആഹാരവും വെള്ളവും കുടിക്കാതെ അവശത ആയിരുന്ന അവർക്ക് എങ്ങനെ ഈ ബലം വന്നു എന്ന് അതിശയപ്പെട്ടു. എനിക്ക് അതു പിശാചിന്റെ പ്രവർത്തനം എന്ന് മനസ്സിലായി. ശാസിച്ചു പ്രാർത്ഥിച്ചു. അതിനുശേഷം ആ സഹോദരിയെ പിടിച്ചു കസേരയിൽ ഇരുത്തി. ബഹളം ഉണ്ടാക്കിയപ്പോൾ നാലഞ്ചുപേർ പിടിച്ചിട്ടും, നിയന്ത്രിക്കുവാൻ സാധിച്ചിരുന്നില്ല. ശാന്തമായതിനുശേഷം ഞാനും അച്ചനും വീട്ടിൽ നിന്നും ഇറങ്ങി. 2 ദിവസങ്ങൾക്ക് ശേഷം സഹോദരി പൂർണ്ണമായി സൗഖ്യം പ്രാപിച്ച നിലയിൽ ആഹാരം കഴിച്ച് ബലപ്പെട്ടതായും, ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ചതായും ഞാൻ അറിഞ്ഞു.

ഈ യോഗങ്ങൾക്ക് ശേഷം, ഞാൻ നാട്ടിലേക്ക് മടങ്ങി. ഭാര്യയും കുഞ്ഞുങ്ങളെയും കാണാൻ മേട്ടൂരിൽ വന്നു. അപ്പോൾ എന്റെ ഭാര്യ എന്നോടു പറഞ്ഞ സംഭവം എന്റെ ദൈവവേല ജീവിതത്തിൽ ആദ്യമായി കേൾക്കുവാൻ ഇടയായി. ഭാര്യയും ഇരുവശങ്ങളിലായി കുഞ്ഞുങ്ങളും രാത്രിയിൽ കിടന്ന് ഉറങ്ങുകയായിരുന്നു (മകന് 4 വയസ്സ്, മകൾക്ക് 3 വയസ്സ്). കട്ടിൽ ഇല്ലാതിരുന്നതിനാൽ നിലത്ത് പായയിൽ ഉറങ്ങുകയായിരുന്നു. രാത്രി 12.30 കഴിഞ്ഞപ്പോൾ മുറിയിൽ ആള് നടക്കുന്ന കാൽപെരുമാറ്റം കേട്ട് ഭാര്യ ഉണർന്ന്, മെഴുകുതിരി കത്തിച്ചശേഷം ലൈറ്റ് ഓൺ ചെയ്തു. എന്നാൽ മുറിയിൽ ആരെയും കണ്ടില്ല. വാതിൽ അടച്ച് ഉള്ളിൽ നിന്നും പൂട്ടിയിരുന്നു പ്രാർത്ഥിച്ചു വീണ്ടും കിടന്നു. എന്നാൽ വീണ്ടും അതേ ശബ്ദം കേൾക്കുവാൻ ഇടയായി. ഭാര്യക്ക് ശബ്ദത്തിന്റെ ഉറവിടം മനസ്സിലായി. കിടക്കയിൽ തന്നെ മുട്ടുകുത്തി പ്രാർത്ഥിച്ചു. ആ സമയത്തു മുറിയുടെ മൂലയിൽ നിന്നും പിശാചു സംസാരിച്ചു. 'നിന്റെ കിടക്കയുടെ ചുറ്റിലുമുള്ള തീ ആദ്യം അണക്കുക' അതിനു എന്റെ ഭാര്യ പിശാചു തന്നെ എന്ന ബോധ്യത്തോടെ, ദൈവത്തോടു പ്രാർത്ഥിച്ചു. "കർത്താവെ നിന്റെ മകൻ ദൈവവേലയ്ക്ക് പോയി. ഇവിടെ ഞങ്ങൾ മാത്രമാണ് ഈ സമയത്തു

ഞങ്ങൾക്ക് ചുറ്റുമായുള്ള അഗ്നിജ്വാലയുടെ സംരക്ഷണം മനസ്സിലാക്കി സ്തുതിക്കുന്നു. എന്നാലും പൈശാചിക ശല്യം ഞങ്ങളെ വിട്ടുമാറാൻ ദൈവം സഹായിക്കണം." അപ്പോൾ ആ പിശാച് വീണ്ടും സംസാരിച്ചു. "നിന്റെ ഭർത്താവ് എന്നെ അവിടെ നിന്നു വിരട്ടുന്നു, ഓടിക്കുന്നു. ഞാൻ എവിടേയ്ക്കു പോകാനാണ് എന്ന് ഒരു നിലവിളിയോടെ വാതിലിനെ തകർക്കുന്നതുപോലെയുള്ള ശബ്ദത്തോടെ സ്ഥലം വിടുവാൻ ഇടയായി. ചില നിമിഷങ്ങൾ ഭാര്യ ദൈവത്തെ സ്തുതിച്ചു സമാധാനത്തോടെ കിടന്നുറങ്ങി. കുഞ്ഞുങ്ങൾ രണ്ടുപേരും ഉണർന്നില്ല. ഉണർന്നിരുന്നാൽ അവ ഭയപ്പെടുമായിരുന്നു. ദൈവം ആ വിഷയത്തിൽ സഹായിച്ചു. ഇതൊക്കെയും ഭാര്യ എന്നോട് വിവരിച്ചു പറഞ്ഞു. എനിക്ക് എല്ലാം മനസ്സിലായി.

## സംരക്ഷണം

ദൈവവേലക്കാരുടെ കുടുംബത്തിനും, കുട്ടികൾക്കും സംരക്ഷണം യഥാർത്ഥ ദൈവവേലക്കാർ, മിഷണറിമാർ, ദൈവവേല ചെയ്യുമ്പോൾ പിശാച് വളരെ കോപാകുലനാകുന്നു. ദൈവവേലക്കാരനെ പിശാചിനും ആക്രമിക്കാൻ സാധിക്കാത്തതുകൊണ്ട് അവൻ കുടുംബത്തെ ആക്രമിക്കാൻ ശ്രമിക്കും. യോഹന്നാൻ 14:23,24 ഈ വചനാടിസ്ഥാനത്തിൽ യഥാർത്ഥമായി മാനസാന്തരപ്പെട്ട് ക്രിസ്തുവിന്റെ വചനത്തിന് അനുസരണ കാണിക്കുന്നവരുടെ ഹൃദയങ്ങളിൽ ത്രീയേക ദൈവം വാസം ചെയ്യുന്നു. അങ്ങനെ ദൈവം ഹൃദയത്തിൽ വസിക്കുന്നതുകൊണ്ട് ചെല്ലുന്ന ഏവരെയും പിശാചിന് തൊടുവാനോ ആക്രമിക്കുവാനും സാധിക്കുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് പൗലോസ് അപ്പോസ്ഥലൻ ലോകത്തിൽ ഉള്ളവനെക്കാൾ (പിശാച്) നിങ്ങളിൽ ഉള്ളവൻ വലിയവൻ എന്ന് പറഞ്ഞിരിക്കുന്നത്. ദൈവവേലക്കാരുടെ കുടുംബത്തെ ആക്രമിക്കാൻ തുടങ്ങുമ്പോൾ, ദൈവവേലക്കാരന്റെ സമാധാനം നശിച്ച് ദൈവവേലയേ ബാധിക്കും. ഇതാണ് പിശാചിന്റെ പ്രതീക്ഷ. അതുകൊണ്ട് ദൈവവേലക്കാർ എപ്പോഴും തന്റെ കുടുംബത്തിനും കുഞ്ഞുങ്ങൾക്കായും സംരക്ഷണയ്ക്കായി പ്രാർത്ഥിക്കുന്നത് ആവശ്യമാണ്.

വടക്കേ ഇന്ത്യയിൽ മിഷണറി പ്രവർത്തനം ചെയ്യുന്ന ദൈവവേലക്കാരുടെ കുടുംബങ്ങൾ പിശാച് ആക്രമിച്ചതുകൊണ്ട് മാനസികരോഗികളായി ഇന്ന് വെല്ലൂർ സി.എം.സി ഹോസ്പിറ്റലിൽ ചികിത്സിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, വായനക്കാരെല്ലാവരും ദൈവവേലക്കാർക്കും കുടുംബത്തിനായും പ്രാർത്ഥനയിൽ താങ്ങണം. ഇപ്രാവശ്യം തിരുപുറത്ത് കൺവൻഷന് ചെന്നപ്പോൾ അന്ന് സൗഖ്യം പ്രാപിച്ച ആ സഹോദരിയെ നേരിട്ടു കാണുവാനും അവർക്കായി അന്നു ശവസംസ്കാരത്തിനായി ഒരുക്കിയ ആ കുഴിയേയും വീണ്ടും കണ്ടു. ദൈവത്തെ സ്തുതിച്ചു. വായനക്കാർക്കായി ഈ അത്ഭുതം സംഭവിച്ച സഹോദരിയുടെ

Photo ഞാൻ പ്രസിദ്ധീകരിക്കുന്നു. ദൈവത്തിനും മാത്രം മഹത്വം ഉണ്ടാകട്ടേ!.



Mrs.Sarojini
Agricultural Demonstater
Nr.CSI Church, Thirupuram,

# വരം (Gift)

മുകളിൽ വായിച്ച രണ്ടു സാക്ഷികളെയും കുറിച്ച് ഇതുവരെ ജാമക്കാരനിലോ എന്റെ പ്രസംഗത്തിലോ ഞാൻ പറഞ്ഞിട്ടുമില്ല, പരസ്യപ്പെടുത്തിയിട്ടുമില്ല. ഇപ്പോഴുള്ള സാഹചര്യത്തിൽ ഈ സാഹചര്യത്തിൽ ഈ സാക്ഷികളെക്കുറിച്ച് പ്രസിദ്ധീകരിക്കേണ്ടതായുള്ള ആവശ്യം വന്നു. പരസ്യപ്പെടുത്തിയ സാക്ഷിയിലുള്ള പാട്ടുകാരനും എന്റെ സ്നേഹിതനുമായ സഹോ.സിറിൾ അവർകൾക്ക് ലഭിച്ച അവരുടെ അവാർഡിനെക്കുറിച്ച് എന്റെ ജാമക്കാരനിൽ പ്രസിദ്ധീകരിച്ച് അദ്ദേഹത്തെ ബഹുമാനിക്കുവാൻ ഞാൻ ആഗ്രഹിച്ചു. അതോടൊപ്പം അദ്ദേഹത്തിന്റെ സാക്ഷ്യം ചേർത്ത് പ്രസിദ്ധീകരിച്ചു. അതുപോലെതന്നെ തിരുവനന്തപുരം ജില്ലയിൽ തിരുപുറം **സി.എസ്.ഐ** കൺവൻഷനിൽ ഞാൻ പ്രസംഗിച്ചപ്പോൾ 32 വർഷങ്ങൾക്ക് മുമ്പ് എന്റെ യോഗത്തിൽ സംഭവിച്ച വിഷയങ്ങളെയും അത്ഭുതങ്ങളെയും കുറിച്ച് സഭക്കാരും നാട്ടുകാരും എന്നെ അറിയിച്ചപ്പോൾ ആ സാക്ഷ്യം ഇതിനോടൊപ്പം നിങ്ങളെ അറിയിക്കാൻ എനിക്ക് ആഗ്രഹമുണ്ടായി. എല്ലാ ദൈവവേലക്കാരെയും അറിയിക്കാൻ ചില ആലോചനകളും ഇതിലുണ്ട്. കഴിഞ്ഞ 51 വർഷങ്ങളായി എന്റെ ദൈവം എന്നെ ഈ ദൈവവേലയിൽ വഴി നടത്തിയപ്പോൾ പലവിധ വരങ്ങളെ നൽകി ജനങ്ങൾക്ക് പ്രയോജനമുണ്ടാകുവാൻ കർത്താവ് എന്നെ തന്റെ ഉപകരണമായി ഉപയോഗിച്ചു.പക്ഷേ എനിക്കെന്തെല്ലാം വരങ്ങളുണ്ടെന്ന് എനിക്കു തന്നെ അറിയില്ല. ഇതുവരെയും ഏതുവരങ്ങളെയും ഞാൻ ദൈവത്തോട് ചോദിച്ചിട്ടുമില്ല.

വരങ്ങൾ ചോദിക്കപ്പെടുവാൻ പാടില്ല. അത് ദൈവത്താൽ കൊടുക്കപ്പെടുന്നതാകുന്നു. ഏതേത് സ്ഥലത്തിന് അവിടെയുള്ള മക്കൾക്ക് ദൈവത്തെ തന്നെ വെളിപ്പെടുത്തുവാൻ ഏതുവരം ആവശ്യമോ ആ വരങ്ങളെ നൽകി ദൈവവേലക്കാരനിലൂടെ ദൈവം പ്രവർത്തിക്കും. അങ്ങനെ പല സ്ഥലങ്ങളിൽ കർത്താവ് വരങ്ങൾ നൽകി എന്നെ ഉപയോഗിച്ചു. ആ വിവരങ്ങളെ ആ സ്ഥലത്തുള്ള ജനങ്ങൾ എന്നോടു പറയുമ്പോഴും, കത്തുവഴിയായി എന്നെ അറിയിക്കുമ്പോഴുമാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

# കൈവയ്പ്

കൈവച്ചു പ്രാർത്ഥിക്കുമ്പോൾ ആ വ്യക്തി ദൈവവേലക്കാരനായും വിശ്വാസിയായാലും സഭാമൂപ്പനായാലും അതിനായിട്ടുള്ള യോഗ്യത വേണം. 1 തിമൊ 5:22ൽ പൗലോസ് അപ്പോസ്ഥലൻ തിമൊഥ്യർക്ക് എഴുതുമ്പോൾ ഒരുത്തൻമേലും വേഗത്തിൽ കൈവയ്ക്കരുത്. നിന്നെ നിർമ്മലനായി സൂക്ഷിക്കുക. മറ്റുള്ളവർ ചെയ്യുന്ന പാപങ്ങൾക്ക് ഓഹരിക്കാരനാകയുമരുത് എന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

നമ്മുടെ ജീവിതത്തിൽ ശരിയായ മാനസാന്തര അനുഭവം ഇല്ലാതെയും പ്രാർത്ഥന ഒരുക്കം ഇല്ലാതെയും ആരുടെമേലും കൈവച്ച് പ്രാർത്ഥിക്കുവാൻ പാടില്ല. പല ദൈവവേലക്കാരും വ്യാജമായ അന്യഭാഷ സംസാരിച്ച് ജീവിതത്തിൽ സാക്ഷി നഷ്ടപ്പെട്ട സ്ഥിതിയിൽ വചനപ്രകാരം ദൈവവേല ചെയ്യാതെ പണവിഷയത്തിൽ അഴിമതി കാണിച്ച് മറ്റുള്ളവരുടമേൽ കൈവച്ച് പ്രാർത്ഥിക്കുവാൻ ധൈര്യം കാണിക്കുന്നു. പല അച്ചന്മാരും ബിഷപ്പുമാരും പാസ്റ്റർമാരും ഇതുപോലെ യോഗ്യമില്ലാത്ത അവസ്ഥയിൽ മറ്റുള്ളവരുടെ തലമേൽ കൈവച്ച് പ്രാർത്ഥിക്കുന്നു. ഇത് അപകട

മാണ്. മറ്റുള്ളവരുടെ മേലുള്ള പിശാച് കൈവച്ച് പ്രാർത്ഥിക്കുന്ന ദൈവവേലക്കാരുടെമേൽ വളരെ വേഗത്തിൽ പ്രവേശിക്കും, അല്ലെങ്കിൽ അവരുടെ കുടുംബത്തെയോ ദൈവവേലയേയോ അവരുടെ മക്കളെയോ കൂടുതൽ ഉപദ്രവിക്കും. ജാഗ്രതയോടെ ആയിരിക്കുക. ഈ വിഷയത്തെക്കുറിച്ച് അറിയിക്കുവാൻ വേണ്ടി തന്നെയാണ് മുകളിൽ വായിച്ച സാക്ഷ്യത്തെക്കുറിച്ച് ഞാൻ പരസ്യപ്പെടുത്തിയത്. പരസ്യപ്പെടുത്തിയ ഈ സാക്ഷികൾ എന്നെ പുകഴ്ത്തും എന്ന് ഞാൻ അറിയും. എന്നാലും ഞാൻ എഴുതിയതിന്റെ ഉദ്ദേശം എന്റെ ദൈവത്തിന് അറിയും. അതുകൊണ്ടുതന്നെ ഞാൻ ധൈര്യത്തോടെ പരസ്യപ്പെടുത്തുന്നത്. എല്ലാ പുകഴ്ചയും മഹത്വവും ദൈവത്തിന് മാത്രം ഉണ്ടാകട്ടെ.

# Dying Seed Missionary Convension




**Madurai Pasumalai (പസുമലൈ) സി.എസ്.ഐ ഗ്രൗണ്ടിൽ നടന്ന യോഗങ്ങൾ.**

മധുര പസുമലൈയിൽ നടന്ന ഈ യോഗങ്ങൾ, മിഷിണറി സ്ഥാപനത്തിന്റെ (Dicing Seed) Br.Lcgoed അവർകൾ ഈ യോഗത്തിന്റെ ക്രമീകരണങ്ങൾ ചെയ്തിരുന്നു. Madurai TamilNadu Bible College Principal Rev.Dr.Devavaram അവർകളും, Bible college, Prof.Rev.Dr.Alfred Stephen അവർകളും യോഗങ്ങൾക്ക് അദ്ധ്യക്ഷത വഹിച്ചു. ഈ യോഗങ്ങൾക്കും ദൈവം കൃപയായി ഉപയോഗിച്ചു.

www.jamakaran.com

# മാരാമൺ കൺവൻഷൻ അന്നും - ഇന്നും

മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു കറൽമാക്സ് പറഞ്ഞതു കമ്മ്യൂണിസ്റ്റ് ആചാര്യനായിപ്പോയതുകൊണ്ട് അതൊരു നിരീശ്വര പ്രസ്താവനയായി തുടരുകയാണിന്നും. ആ പേരുദോഷത്തിൽ നിന്നും കമ്മ്യൂണിസത്തെ രക്ഷിച്ചെടുക്കാൻ, കറുപ്പ് മനുഷ്യന്റെ വലിയൊരു ആശ്വാസമായിരുന്നെന്നും അതിലും നല്ല മറ്റൊരാശ്വാസം മതമാണെന്നാണ് മാർക്സ് ഉദ്ദേശിച്ചതെന്നും മറ്റുമുള്ള വ്യാഖ്യാനങ്ങളുമായി കമ്മ്യൂണിസ്റ്റുകാർ പെടാപ്പാടുപെടുന്നുണ്ട്. എന്തിന്? വിശ്വാസത്തിന്റെ മൊത്തക്കച്ചവടം മതത്തിന് ഏൽപ്പിച്ചുകൊടുത്തത് ആരാണ്? മതത്തെ എന്തെങ്കിലും പറഞ്ഞാലുടൻ ദൈവം തട്ടിപ്പോകും എന്ന മട്ടിൽ ചിന്തിക്കാൻ നമ്മളെ പഠിപ്പിച്ചതാരാണ്?

കുറച്ചു കാലമായുള്ള മാരാമൺ കൺവൻഷന്റെ പോക്കു കണ്ടിട്ടാണ് ഇത്രയും കുറിക്കണമെന്നു തോന്നിയത്. ഏതായാലും ‘മാർത്തോമ്മാ മത’ത്തിന്റെ വിധേയരെ ഒരുമിച്ചു കൂട്ടി സംഘടിത ശക്തിപ്രകടനം നടത്താനും ആഗോളതലത്തിലുള്ള കളർ കുപ്പായക്കാർക്ക് ആ ചെലവിൽ മദിക്കാനും വിധേയരുടെ മുമ്പിലിരുന്ന് നെയ്യപ്പം ചവയ്ക്കാനും (അക്ഷരാർത്ഥത്തിൽ) ഉള്ള വേദിയായി മാരാമൺ കൺവൻഷൻ മാറുന്നത് ഇതാദ്യമായിട്ടാണ്.

1992ൽ അന്നത്തെ അന്തോഖ്യാ പാത്രിയാർക്കീസ് സക്കാ പ്രഥമൻ മാരാമൺ കൺവൻഷൻ സന്ദർശിച്ചിരുന്നു. മര്യാദയ്ക്ക് റിട്രീറ്റ് സെന്ററിൽ നിന്നും നടന്ന് കൺവൻഷൻ വേദിയിൽ എത്തിയ അദ്ദേഹം വരുന്നതുവരെയും കൺവൻഷന്റെ ഒരു പരിപാടിയും മുടങ്ങാതെ തുടർന്നു. അദ്ദേഹം വേദിയിലെത്തിയപ്പോൾ നടന്നുകൊണ്ടിരുന്ന പ്രസംഗത്തിനുശേഷം ഹ്രസ്വമായ ഒരു സന്ദേശം നൽകാൻ അദ്ദേഹത്തിനും അവസരം നൽകി. സംസ്ഥാന സർക്കാരിന്റെ കൂടി അതിഥിയായിരുന്നതിനാൽ അദ്ദേഹത്തോടൊപ്പം ശ്രീ.ബാബു പോൾ ഐ.എ.എസ്സും ഉണ്ടായിരുന്നു. ബാബു പോളാണ് പാത്രിയാർക്കീസിന്റെ പ്രസംഗം പരിഭാഷപ്പെടുത്തിയതും. അൽപ്പം കഴിഞ്ഞ് അദ്ദേഹം മടങ്ങുകയും ചെയ്തു. അന്നുണ്ടായ ഏറ്റവും വലിയ വിമർശനം മാരാമൺ കൺവൻഷന്റെ വേദിയിലെത്തുന്നയാൾ ഏതു പ്രമുഖനാണെങ്കിലും ഒരു യോഗത്തിൽ പൂർണ്ണസമയം ഇരിക്കാൻ ബാദ്ധ്യസ്ഥനാണെന്ന തത്വം ലംഘിച്ചതിനെക്കുറിച്ചായിരുന്നു. (കേരളാ മുഖ്യമന്ത്രി സാക്ഷാൽ കെ.കരുണാകരൻ കൺവൻഷൻ സന്ദർശിക്കാൻ ആഗ്രഹം പ്രകടിപ്പച്ചതും പോലീസ് സന്നാഹത്തെ കുടെയിറങ്ങാൻ അനുവദിക്കുകയില്ല എന്ന അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടേയും കൺവൻഷൻ ചുമതലക്കാരുടെയും ശക്തമായ ഉപാധിയെത്തുടർന്ന് കരുണാകരൻ സന്ദർശനപരിപാടി ഉപേക്ഷിച്ചതും ചരിത്രം). എന്നാൽ ഇക്കുറി എത്തിയ മാർ അപ്രം പാത്രിയാർക്കീസ് മാരാമൺ കൺവൻഷന്റെ ആ ദിവസത്തെ സകല ക്രമീകരണങ്ങളെയും തകിടം മറിച്ചു. പത്തുമണിയുടെ യോഗത്തിൽ പ്രസംഗിക്കേണ്ടിയിരുന്ന പാത്രിയാർക്കീസും സംഘവും എത്തിയത് പന്ത്രണ്ടേകാലിനുശേഷം! മാർത്തോമ്മാ മെത്രാപ്പോലീത്താ ഈ വൻ താമസത്തെക്കുറിച്ച് ഹർഷപുളകിതനായി പറഞ്ഞത് ഇങ്ങനെ: “See, how long our people have been waiting patiently for you under the host sun ...!” പതിനായിരക്കണക്കിനു ജനങ്ങളെ കാത്തിരുത്തിയെന്നു മാത്രമല്ല, ആ സമയമത്രയും പാട്ടുപാടി മറ്റു പരിപാടികയൊന്നുമില്ലാതെയിരിക്കാനും അവർ നിർബന്ധിതരായി. ഒടുവിൽ ഒരു ആൾ ദൈവത്തെയെന്നവണ്ണം പാത്രിയാർക്കീസിനെ എഴുന്നള്ളിച്ചുകൊണ്ടുവരുന്ന കാഴ്ച കാണേണ്ടതുതന്നെയായിരുന്നു. വഴിയിൽ നിൽക്കുന്നവരെ നോക്കി ഒരു യന്ത്രപ്പാവ

കണക്കെ പുഞ്ചിരിക്കുകയും, നെഞ്ചു മുഴുവനുമായി കലാബോധത്തോടെ വിതാനിച്ചിട്ടിരുന്ന പൊൻകുരിശുകൾ പോരാഞ്ഞ് കയ്യിൽ കരുതിയിരുന്ന ഉറുമാലിൽ കെട്ടിയ കുരിശുയർത്തി വീശുകയും, ആ കുരിശ് മുത്തുന്നതിനായി ഭക്തജനങ്ങൾക്ക് നീട്ടിക്കൊടുക്കുകയും, കുരിശിലും അതു കെട്ടിയിരുന്ന ഉറുമാലിലും പിടിച്ചുവലിച്ച് മുത്തി സായൂജ്യമടയുന്ന വിധേയരെക്കൊണ്ട് കോൾമയിർ കൊള്ളുകയും ചെയ്യുന്ന പൊന്നുതിരുമേനി! മുന്നിൽ പാടിനടക്കുന്ന ഗായകസംഘാംഗങ്ങൽ; പാട്ടക്കാർ. അതിലൊരു പട്ടൻ, സേനയിൻ യഹോവയെ പാടിവിടുന്നതിനിടയിൽ 'ഈ കാണിക്കുന്ന' ചിരി. തിക്കിലും തിരക്കിലുംപെട്ട് വിവിധ 'സഭ'കളിലെ ചുവന്ന കുപ്പായം ധരിച്ച മേലാളന്മാർ. ദിവ്യദർശനം കൊണ്ട് സായൂജ്യമടയാൻ തിക്കിത്തിരക്കുന്ന ജനത്തോടു തട്ടിക്കയറി ചൂടാകുന്ന വികാരി ജനറാൾമാരും മാർത്തോമ്മാ മേലദ്ധ്യക്ഷന്മാരും. ഹൊ! ഒടുവിൽ എത്തി. വിദേശ മെത്രാപ്പോലീത്താമാർ തന്നെ ഇരുപതോളമുണ്ടായിരുന്നു. തദ്ദേശീയമെത്രാന്മാർ അത്രതന്നെ വരുമെന്നാണ് ഒരു ഏകദേശ മതിപ്പ്. എന്താ തേജസ്സ്! എന്താ പ്രൗഢി! എന്താ വിനയം! എന്താ ആത്മീയം! ഓരോരുത്തരുടേയും മുഖത്തു വിരിഞ്ഞ ആത്മഹർഷം....!

സ്വാഗതപ്രസംഗം മെത്രാപ്പോലീത്താ തന്നെ. മാർത്തോമ്മാസഭ ഒരുപാടു കാര്യങ്ങളുടെ സമന്വയമാണെന്ന യൂഹാനോൻ മാർത്തോമ്മായുടെ ചിത്രീകരണത്തോടെയായിരുന്നു തുടക്കം. ഇതിനിടെ മലങ്കരസഭയിലെ നവീകരണവിഭാഗമായി മാർത്തോമ്മാസഭ പിരിഞ്ഞശേഷം ആദ്യ മെത്രാപ്പോലീത്താ ആയിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് കുറച്ചുകാലം അന്ത്യോക്യയിലും മെത്രാൻ ജോലിയിലിരുന്ന കാര്യവും അനുസ്മരിച്ചു. ഇതൊന്നും സാധാരണക്കാരായ ജനങ്ങൾ അറിയേണ്ടതോ ഇടപെടേണ്ടതോ ആയ കാര്യമൊന്നുമല്ലാത്തതിനാൽ ഇംഗ്ലീഷിലുള്ള മെത്രാപ്പോലീത്തായുടെ പ്രസംഗത്തിനു പരിഭാഷയുണ്ടായില്ല. പ്രസംഗത്തിനിടെ പാത്രിയാർക്കീസിന് ചെങ്കോൽസമ്മാനം നൽകാൻ അത്മായട്രസ്റ്റിയെ വിളിച്ചെങ്കിലും അദ്ദേഹം അതിനായി മുന്നോട്ടാഞ്ഞുവന്നപ്പോഴേക്കും വെള്ളക്കുപ്പായമിട്ട ആണുങ്ങൽ അതുകൊടുത്തുകഴിഞ്ഞിരുന്നു! നമ്മുടെ സഭ ഭയങ്കര എക്യുമിനിക്കൽ ആയതുകൊണ്ട് ക്നാനായസഭയിലെ മെത്രാപ്പോലീത്താവരെ ഇവിടുണ്ട് എന്നു പറഞ്ഞ മെത്രാപ്പോലീത്താ, കല്ലിശ്ശേരിയിലുള്ള കുറെ ക്നാനായക്കാർ മാർത്തോമ്മാസഭയിൽ ചേരാൻ വന്നപ്പോൾ അങ്ങനത്തെ ചാട്ടത്തെ പ്രോത്സാഹിപ്പിക്കാതിരുന്ന യൂഹാനോൻ തിരുമേനിയുടെ ചരിത്രവും പറഞ്ഞു. ഏതായാലും ക്നാനായക്കാരുമായി മാർത്തോമ്മാക്കാർക്ക് കല്യാണമൊന്നുമില്ല, (അതു കുറച്ചുള്ള എക്യുമിനിസമൊക്കം മതി) എന്നു മെത്രാപ്പോലിത്താ പറഞ്ഞു.

അന്തോക്യയിലെ 'സിംഹാസനത്തിൽ' നിന്നുമുള്ള ആശംസകളോടെ ആരംഭിച്ച പാത്രിയർക്കീസിന്റെ പ്രസംഗത്തിലും അന്തോക്യയിലെ വിശുദ്ധ മൂറോനാണ് മാർത്തോമ്മാസഭയെ വിശദ്ധീകരിച്ചു നിലനിർത്തുന്നതെന്ന് ഊന്നിപ്പറഞ്ഞു. ഇതു കേട്ടപാടേ സുവിശേഷപ്രസംഗസംഘം ജനറൽസെക്രട്ടറി ആവേശഭരിതനായി ഒരൊറ്റ കയ്യടി! അയ്യട, ഇത്രയും വലിയൊരു കാര്യത്തിന് കയ്യടിച്ചിട്ട് കൂടെയടിക്കാൻ ആരും ഇല്ലാതെ പോയല്ലോ! ഇതു പറഞ്ഞപ്പഴാണ് മറ്റൊരുകാര്യം ഓർമ്മവന്നത്. പാത്രിയർക്കീസിന് നമ്മുടെ കൂറിലോസ് മെത്രാച്ചനുമായി രക്തബന്ധമുണ്ടത്രെ. പറഞ്ഞതു പാത്രിയർക്കീസു തന്നെയായ സ്ഥിതിക്കു സംശയിക്കേണ്ട കാര്യവുമില്ല, സംശവുമില്ല; നല്ല കാര്യം. പക്ഷേ അതല്ല കാര്യം; അതിനു സുവിശേഷസംഘം എഴുത്തുകുത്തു സെക്രട്ടറി ഞെട്ടിയുണർന്ന് ആഞ്ഞാഞ്ഞു കയ്യടിച്ചതെന്തിനാണോ ആവോ? ഇത്രയും രാജകീയ പ്രകടന

ങ്ങൾക്കിടയിലും, ദോഷം പറയരുതല്ലോ, പാത്രിയർക്കീസ് ചില നല്ല കാര്യങ്ങളൊക്കെ പറഞ്ഞു. ചൂടു സഹിക്കാൻ വയ്യാതെ പ്രസംഗത്തിന്റെ മിക്ക ഭാഗങ്ങളും പ്രസംഗിക്കാതെ പരിഭാഷകനായ യാക്കോബായ സഭയിലെ മെത്രാച്ചൻ വായിക്കുകയായിരുന്നു. പരിഭാഷ ക്രമത്തിൽ നടന്നുകൊണ്ടിരുന്നപ്പോഴും പാത്രിയർക്കീസ് പറഞ്ഞ "I", "my" തുടങ്ങിയ പ്രയോഗങ്ങൾ "നാം", "നമുക്ക്" എന്നിങ്ങനെയാണു പരിഭാഷപ്പെടുത്തിയത്. എങ്കിലും രക്തസാക്ഷിത്വം, അവകാശങ്ങളെക്കാളേറെ കടമകളെക്കുറിച്ചു ചിന്തിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ വല്യവല്യ കാര്യങ്ങളൊക്കെയാണ് അദ്ദേഹം പറഞ്ഞത്. (ഈ ജനം മുഴുവൻ കൊടിയ ചൂടും സഹിച്ചിരിക്കെ അല്പസമയം ചൂടു സഹിക്കാൻ കഴിയാത്ത രക്തസാക്ഷിത്വം!) മറ്റുള്ളവരെ വെറും ഉപയോഗ വസ്തുക്കളാക്കുന്ന പുതിയകാലപ്രവണതകളെയും ഉപഭോഗസംസ്കാരത്തെയും മറ്റുള്ളവരെ കരുതാത്ത ജീവിതശൈലിയേയുമെല്ലാം കുറിച്ച് അദ്ദേഹം ഓർമ്മപ്പെടുത്തി. ഇതുകൊണ്ടാണു കർത്താവു പറഞ്ഞത്, അവർ പറയുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ, അവർ ചെയ്യുന്നതുപോലെ അരുതുതാനും എന്ന്.

എല്ലാം കഴിഞ്ഞപ്പോൾ തോന്നുന്ന ഒരു സംശയം കുറിക്കട്ടെ; ഇങ്ങനെ വിനീതവിധേയരായ ജനങ്ങളെയാണോ, ഭക്തിയുടെ പേരിലായാൽപ്പോലും, മാർത്തോമ്മാസഭ പ്രതീക്ഷിക്കുന്നത്? ഇതു മാരാമൺ കൺവെൻഷനോ പോട്ടയിലെ ധ്യാനകേന്ദ്രമോ അതോ മണർകോട് അല്ലെങ്കിൽ മഞ്ഞനിക്കര പെരുനാളോ?!

എവിടെ കൊള്ളരുതായ്മകൊണ്ടോ അവിടെ ചാടിവീണ് പിന്തുണ നൽകുകയാണോ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജോലി? മാരാമൺ കൺവൻഷനിലെ രണ്ടു സമ്മേളനങ്ങളാണ് ബാർ കോഴക്കേസ് വെറുതയാണെന്നു സ്ഥാപിക്കാൻ മെത്രാപ്പോലീത്താ വേദിയാക്കിയത്. സഭയുടെ സംഘടിതശക്തി പ്രകടനം എന്ന നിലയിൽ ഒരു സമ്മേളനത്തെ ആക്കിത്തീർത്തുകൊണ്ട് കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങളിൽ ഏകപക്ഷീയമായ തീർപ്പു കൽപ്പിക്കുന്നതിന്റെ പിന്നിലുള്ള താത്പര്യം എന്താണ്? മാണി ബാർ കോഴക്കേസിൽ കുറ്റവാളിയാണെന്നതിനു തെളിവില്ല എന്നതായിരുന്നു മെത്രാപ്പോലീത്തായടെ വാദം. കുറ്റവാളിയല്ല എന്നതിനു അന്തിമമായ തെളിവു മെത്രാപ്പോലീത്തായുടെ കയ്യിലുണ്ടോ? മാരാമൺ കൺവൻഷൻ, ബാർ കോഴ കേസ് വിചാരണ ചെയ്യുന്ന കോടതിയോ മെത്രാപ്പോലീത്താ വിധി പറയേണ്ട ജഡ്ജിയോ ആണോ? സാമൂഹ്യകാര്യങ്ങളിൽ നീതി നടപ്പിലാകണമെന്ന ആഗ്രഹത്തോടെ ശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ള സഭാനേതൃത്വം എല്ലാക്കാലത്തും മാർത്തോമ്മാ സഭയ്ക്കുണ്ടായിട്ടുണ്ട്. ഇവിടെ അതാണോ നടന്നത് എന്നതാനു പ്രശ്നം. തീർന്നില്ല; നിയമസഭയിൽ ശ്രീമതി. ജമീല പ്രകാശം ശ്രീ.ശിവദാസൻ നായരെ ഒരു കാര്യവുമില്ലാതെ കേറി കടിക്കുന്നത് മെത്രാപ്പോലീത്താ റ്റി.വിയിൽ കണ്ടത്രെ. ഈ രാജ്യത്ത് അദ്ദേഹത്തിനു മാത്രമേ റ്റി.വി ഉള്ളോ? പിന്നെന്തിന് അതിനെക്കുറിച്ചു മറ്റൊരു പ്രസ്താവന? കടികൊണ്ട ശിവദാസൻ നായരെ ചികിത്സിക്കാൻ വലിയമെത്രാപ്പോലീത്തായും മെത്രാപ്പോലീത്തായും ഉൾപ്പെടെ മെത്രാന്മാരുടെ മത്സരം തന്നെയായിരുന്നുവല്ലോ. രാഷ്ട്രീയക്കളികൾ നടക്കുമ്പോൾ ആരെയെങ്കിലും വെള്ളപൂശുകയെന്നത് നീതിക്കു വേണ്ടിയുള്ള ദാഹമാണോ? തുടർന്നു നടന്ന സംഭവങ്ങളിൽ മാർത്തോമ്മാക്കാരൻ തന്നെയായ ഒരു ചെറുപ്പക്കാരനെ ഇപ്പറഞ്ഞ ശിവദാസൻ നായരുടെ പ്രേരണയാൽ പോലീസ് മൂന്നാംമുറയ്ക്കു വിധേയനാക്കി നട്ടെല്ലിനു ഗുരുതരമായ ക്ഷതം ഏൽപ്പിച്ചിരിക്കുന്നു. മൂത്രത്തിൽ രക്തം വരുന്ന അവസ്ഥയിലാണ് ഇപ്പോൾ അയാൾ. ദിവസങ്ങളോളം അമ്മ മാത്രമുള്ള വീട്ടിൽ വനിതാ പോലീസ് പോലുമില്ലാതെ

പാതിരാത്രിയിൽ വീടു തല്ലിപ്പൊളിക്കമെന്നു ഭീഷണിപ്പെടുത്തി കയറിയിറങ്ങിയ പോലീസ് തേർവാഴ്ചയും നടന്നു. ശരിതെറ്റുകളുടെ തലനാരിഴകീറിയ അന്വേഷണം നടത്തുകയാവാം മെത്രാപ്പോലീത്താ ഇപ്പോൾ. ഏതായാലും ശിവദാസൻനായരെ സന്ദർശിച്ച് ആശ്വാസം പകർന്ന വലിയമെത്രാപ്പോലീത്താ ഈ ചെറുപ്പക്കാരന്റെ ഭവനവും സന്ദർശിച്ച് ആശ്വാസം പകർന്നുവെന്നത് നല്ല കാര്യം തന്നെ.

## വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ്

## മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തു കൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും. എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാരാകട്ടെ.

## ജാമക്കാരൻ ആവശ്യപ്പെടുന്നവർ

ചിലർ മണി ഓർഡർ അയച്ചിട്ടു ജാമക്കാരൻ എന്തുകൊണ്ടു ഇതുവരെ ഞങ്ങൾക്ക് അയച്ചിട്ടില്ല എന്ന ദേഷ്യത്തോടെ കത്തെഴുതുന്നു. ഇപ്പോഴുള്ള E.M.O യിൽ എന്തിനുവേണ്ടി അയയ്ക്കുന്നു എന്നുള്ള സൗകര്യം ഉണ്ട്. ജാമക്കാരനു വരിസംഖ്യയില്ല. അതുകൊണ്ട് പുതുതായി ജാമക്കാരൻ ആവശ്യമുള്ളവർ നിങ്ങളുടെ മുഴു അഡ്രസ്സ് (വലിയ അക്ഷരത്തിൽ) പിൻകോഡ് സഹിതം ഫോൺ നമ്പരും അറിയിക്കുന്നത് സൗകര്യമായിരിക്കും. ജാമക്കാരൻ ഒരു മാസം തമിഴ് അടുത്തമാസം മലയാളം എന്നിങ്ങനെ പ്രിന്റ് ചെയ്തു അയയ്ക്കുന്നു. ഇന്റർനെറ്റിൽ വരുന്ന മാസിക ഡൗൺലോഡ് ചെയ്തു അതു മറ്റുള്ളവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

## Speed Post

ചില പ്രത്യേക സ്ഥലങ്ങളിൽ ജാമക്കാരൻ മാസിക വീടുകളിൽ എത്തിക്കാതെ തടുക്കുന്നു. അങ്ങനെയുള്ളവർക്കു ജാമക്കാരൻ സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണ്. നിങ്ങളിൽ ആർക്കെങ്കിലും ജാമക്കാരൻ മാസിക എത്തിച്ചേരുന്നതിനു തുടർന്നു തടസ്സം ഉണ്ടെങ്കിൽ അറിയിച്ചാൽ അങ്ങനെയുള്ളവർക്കു സ്പീഡ് പോസ്റ്റിൽ ജാമക്കാരൻ അയച്ചു തരുന്നതാണ്.

# ആത്മഹത്യയ്ക്കായി പുറപ്പെട്ട വ്യക്തിയുമായുള്ള ദൈവ ത്തിന്റെ സംഭാഷണം

**(സാങ്കല്പികം)**

മനുഷ്യൻ : ഞാൻ ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. എന്നെ തടയരുത്.
ദൈവം : നീ ആത്മഹത്യ ചെയ്യരുത്. നീ ജീവിക്കുവാനുള്ളവനാണ്.
മനുഷ്യൻ : എന്നെ സ്നേഹിക്കുവാൻ ആരുമില്ല. (കരഞ്ഞു വിലപിക്കുന്നു)
ദൈവം : നിത്യസ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു (യെര 31:3)
മനുഷ്യൻ : ഞാൻ വളരെ ഭയപ്പെടുന്നു.
ദൈവം : ഭീരുത്വത്തിന്റെ ആത്മാവിനെ ദൈവം തന്നിട്ടില്ലല്ലോ (2 തിമെ 1:7)
മനുഷ്യൻ : എനിക്ക് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല.
ദൈവം : എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു.
മനുഷ്യൻ : ഞാൻ മനോഭാരങ്ങളാൽ വേദനിക്കുന്നു. ഞാൻ എന്തു ചെയ്യും?
ദൈവം : അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകലചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രോസ് 5:7)
മനുഷ്യൻ : എന്നെ സഹായിക്കുവാൻ ആരുമില്ല (കരയുന്നു)
ദൈവം : കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹ ത്വപ്പെടുത്തുകയും ചെയ്യും (സങ്കീർ 50:15)
മനുഷ്യൻ : ഇതൊന്നും എനിക്കു സാധിക്കയില്ല. ഞാൻ ബലഹീനനാണ്.
ദൈവം : മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാകുന്നു. (ലൂക്കോസ് 18:27)
മനുഷ്യൻ : എന്റെ മനസ്സ് തകർന്ന് ഞാൻ തളർന്ന് പോയിരിക്കുന്നു.
ദൈവം :ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന് തിരുവചനത്തിൽ വായിച്ചിട്ടില്ലേ (മത്തായി 11:29)
മനുഷ്യൻ : ജീവിതത്തിൽ മുന്നേറുവാൻ കഴിയുന്നില്ല (ഏങ്ങി കരയുന്നു)
ദൈവം : എന്റെ കൃപ നിനക്കു മതി എന്ന് ദൈവം പറഞ്ഞിട്ടുണ്ടല്ലോ (2 കൊരി 12:9)
മനുഷ്യൻ : എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തി നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും. (ഫിലി 4:19)
മനുഷ്യൻ : ഞാൻ ഒരു അനാഥനെപ്പോലെ അലയുന്നു.
ദൈവം : എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു. എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും (സങ്കീ 27:10)
മനുഷ്യൻ : ഞാൻ ബലഹീനനെന്നു മറ്റുള്ളവർ എന്നെ നിന്ദിക്കുന്നു.
ദൈവം : ജ്ഞാനവും വിവേകവും നിനക്കു നൽകിയിരിക്കുന്നു.
മനുഷ്യൻ : ഞാൻ ഒരു മഹാപാപിയാണ്. എനിക്ക് പാപമോചനം ലഭിക്കുമോ?
ദൈവം : അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരി പ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനം ആകുന്നു. (1 യോഹ 1:9)
മനുഷ്യൻ : മരണഭയം എന്നെ അലട്ടുന്നു.
ദൈവം : ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരി ച്ചാലും ജീവിക്കും എന്നു യേശു പറയുന്നു (യോഹ 11:25)

# നമ്മുടെ ആത്മീയസ്നേഹിതരെ സംരക്ഷിച്ചു പുകഴ്ത്താം

**Dr. Samuel Kamalesan**

തന്നെ ദൈവത്തിന്റെ കൈക്കീഴിൽ വഴി നടത്തിയ തന്റെ ആത്മീയ സ്നേഹിതരോടുള്ള ബന്ധത്തെ പുകഴ്ത്തേണ്ടതു ദൈവവേല നേതൃത്വം ഏറ്റെടുത്തു നടത്തുന്ന ദൈവവേലക്കാരന്റെ ഉത്തരവാദിത്വമാകുന്നു. പൌലൊസ് അപ്പോസ്തലൻ തിമൊഥെയോസിനു ആത്മീയ നല്ല ആശാനായും സ്നേഹിതനായും ഇരുന്നു – 1 തിമൊ:1:3-7.

ചെന്നൈ വെറ്റിനറി മെഡിക്കൽ കോളേജിൽ ഞാൻ പഠിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ സഹവിദ്യാർത്ഥിയും മുറിയിലെ സഹപാഠിയുമായിരുന്ന ശങ്കരനാരായണനാണു, ഞാൻ യേശുക്രിസ്തുവിനെ സന്ദർശിച്ചു തീരുമാനം എടുക്കാൻ എന്നെ വഴി നടത്തിയതു. എന്റെ കുടുംബസാഹചര്യം ഇതിൽ എന്നെ സഹായിച്ചില്ല. തിരുസഭയിൽ അംഗമായ ഞാൻ ആ സഭയിലെ പാരമ്പര്യത്തിന്റെ വാസ്തവം എന്താണെന്നു മനസിലാക്കാതെയാണു ആ പാരമ്പര്യം ഞാൻ ആദരിച്ചുകൊണ്ടിരുന്നതു. ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ വ്യക്തിപരമായ നിലയിൽ ഞാൻ സന്ദർശിച്ചതിനുശേഷമാണു ക്രൈസ്തവത്തിന്റെ കേന്ദ്രവസ്തു എന്താണെന്നു ഞാൻ മനസ്സിലാക്കിയതു. നമ്മുടെ പാരമ്പര്യം എന്നു പറയുന്നതു നമ്മുടെ മുൻഗാമികൾ അനുകരിച്ച വിശ്വാസം എന്നതിനെയും പാരമ്പര്യവഴി എന്നതു ഇന്നത്തെ ജനങ്ങളുടെ ജീവനില്ലാത്ത വിശ്വാസം എന്നതിനെയും ഞാൻ പിന്നീടു മനസ്സിലാക്കി. യേശുക്രിസ്തുവിനെ വ്യക്തിപരമായ നിലയിൽ സന്ദർശിക്കുന്നതുവരെ ഞാനും ഈ പാരമ്പര്യവഴിയിൽ തന്നെയാണു യാത്ര ചെയ്തിരുന്നതു. ശങ്കർ എന്നെ ക്രിസ്തുവിങ്കലേക്കു വഴി നടത്തി. ഇതു എന്റെ മുൻഗാമികളുടെ പാരമ്പര്യത്തിനു ദുഷ്പേരു ഏർപ്പെടുത്താതെ മറിച്ചു അവരുടെ വിശ്വാസവും പ്രത്യാശയും പൂർത്തീകരിക്കുന്നതായിരുന്നതുകൊണ്ടു എന്റെ കുടുംബക്കാർ ഈ പുതിയ മാറ്റത്തെ സ്വാഗതം ചെയ്തു. തെരുവു പ്രസംഗം ചെയ്തുകൊണ്ടിരുന്ന ഒരു കൂട്ടത്തിൻ മൂലം ശങ്കർ ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ സന്ദർശിച്ചു. അവൻ ക്രൈസ്തവനല്ലാത്ത കാരണത്താൽ തന്റെ കുടുംബക്കാർക്കും തനിക്കുള്ളിൽ ഏർപ്പെട്ട ആ പുതിയമാറ്റത്തെ അറിയിക്കാൻ അവനു വളരെ കഠിനമായ കാര്യമായിരുന്നു.

ദൈവം സൃഷ്ടിച്ച വിനോദമായ ഈ ലോകത്തിൽ വിവിധ സംസ്കാരങ്ങളിലും വർഗ്ഗങ്ങളിൽ നിന്നും ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ സ്വീകരിച്ച എന്റെ സ്നേഹിതർ പലരും യേശുക്രിസ്തുവിനു അനുസരണകാണിച്ചു നടക്കുന്ന ജീവിതം എന്റെ വിശ്വാസജീവിതത്തെ ഫലപ്രദമാക്കിയിരിക്കുന്നു.

ഞാൻ ദൈവമക്കൾക്കായി ദൈവവേല ചെയ്തു അതുമുഖാന്തിരം അനേകകാര്യങ്ങൾ പഠിച്ചു അവനിൽ വളരുവാൻ ദൈവം സഹായിച്ചു. നാം മറ്റുള്ളവരോടു വച്ചിരിക്കുന്ന ബന്ധങ്ങളാണു നമ്മുടെ ഉറപ്പിന്റെ സാരാംശമായിരിക്കയാൽ അതുമുഖാന്തിരം നാം അനേകപാഠങ്ങൾ പഠിക്കുന്നു. ദൈവരാജ്യത്തെ സംബന്ധിച്ചിടത്തോളം മനുഷ്യബന്ധങ്ങളിൽ തമ്മിൽതമ്മിൽ ദൈവവേല ചെയ്യണം (മർ:10:45).

കമ്മ്യൂണിസ്റ്റു നയങ്ങൾ പിൻപറ്റിയ സർവ്വാധികാരികൾ ഭരിച്ചിരുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ഞാൻ 1978-ാം വർഷം മുതൽ പോകാൻ ആരംഭിച്ചു. റുമേനിയയിൽ 15 മുതൽ 25 ഉപദേഷ്ടാക്കൾ ഉൾപ്പെട്ട ചെറിയ ചെറിയ സംഘങ്ങളെക്കൂട്ടി വേദപുസ്തകം പഠിക്കും. ഒരിക്കൽ എഫേസ്യർക്കെഴുതിയ ലേഖനം പഠിച്ചുകൊണ്ടിരുന്നു. താഴ്മയുള്ളതും തകർക്കപ്പെട്ടതും ബലഹീനവുമായ എഫേസ്യസഭയെ നോക്കി പൌലൊസ് അപ്പൊസ്തലൻ നിങ്ങൾ വളരെ സൗകര്യമുള്ളവർ എന്നു ഒന്നാം അദ്ധ്യായത്തിൽ പറയുന്നതു പോലെ ഇരുന്നു. ആ കൂട്ടത്തിൽ പങ്കെടുത്തിരുന്ന വാസിലായ് ടൊലാസി (Vasilae Toulouse) എന്നുള്ള ബാപ്റ്റിസ്റ്റ്

സഭാ ഉപദേഷ്ടാവിനു ഈ വാർത്ത മനസ്സിലാകാതെ ഇരുന്നു. ക്രൈസ്തവ വിശ്വാസികൾ അധ്വക്കേറ്റായി ജോലി ചെയ്യാൻ സാധിക്കാത്ത ഒരു സാഹചര്യത്തിൽ നിന്നു അവർ ദൈവത്തെ സ്വീകരിച്ചു. മാറ്റി നിറുത്തപ്പെട്ടിരുന്ന നിലയിൽ ആയിരുന്ന ആ യുവഉപദേഷ്ടാവിന്റെ മനസ്സിൽ തന്നെക്കൊണ്ടു സൗകര്യമുള്ളവനായി എങ്ങനെ ഇരിക്കാൻ സാധിക്കും എന്ന ചോദ്യം ഉണ്ടായി. എന്നാൽ ഞങ്ങൾ ലേഖനം തുടർന്നു പഠിച്ചപ്പോൾ യേശുക്രിസ്തു തനിക്കു കൊണ്ടുവന്നിട്ടുള്ളതും തന്നെ വിട്ടു എടുക്കപ്പെടാത്തതുമായ വരങ്ങളും സമ്മാനങ്ങളും അദ്ദേഹം പെട്ടെന്നു ഉണർന്നു. ആ ചെറിയ സഭയിൽ പരിശുദ്ധാത്മാവിനാൽ അദ്ദേഹത്തിനുണ്ടായ വെളിപ്പാടിനാൽ മനസ്സു നിറഞ്ഞു ആ ഉപദേഷ്ടാവു ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യത്തെ ഉണർന്നു പുകഴ്ത്തി സന്തോഷിച്ചു. ഇന്നു അദ്ദേഹം റുമേനിയാരാജ്യത്തിന്റെ സുവിശേഷവേലയ്ക്കു നേതൃത്വം വഹിച്ചു നടത്തുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ സഭാമൂപ്പന്മാരിൽ പലരും ഇൻഡ്യയിൽ വന്നു ദൈവവേല ചെയ്തിരിക്കുന്നു. ഞാൻ ഒരു യുവവിശ്വാസിയായി ചെന്നൈ സർവ്വകലാശാലയിൽ ഉണ്ടായിരുന്നതുമുതൽ ഇതുവരെ എനിക്കു സ്നേഹിതനായിരിക്കുന്ന ഒരാളിനെ സമീപകാലത്തിൽ ഞാൻ സന്ദർശിച്ചു. അദ്ദേഹം എന്നെക്കാൾ വയസിലും അനുഭവത്തിലും, ദൈവവേലയിലും മുതിർന്ന വ്യക്തി. ഊന്നുവടിയോടെ മാത്രമേ അദ്ദേഹത്തെകൊണ്ടു നടക്കാൻ സാധിക്കയുള്ളു. അദ്ദേഹത്തിന്റെ ഭാര്യ കിടക്കയിലായിരിക്കുന്നു. അവരെ നന്നായി കരുതിക്കൊള്ളത്തക്ക ഒരു സ്ഥലത്തിൽ അവർ വസിക്കുന്നു. ഉച്ചഭക്ഷണത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ കിടന്നിരുന്ന സ്ഥലത്തിൽ ഞങ്ങൾ പോയി. അവർ എന്നെ ഉത്സാഹത്തോടെ സ്വീകരിച്ചു. ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയ ദിവസം മുതൽ ഇന്നുവരെ ദൈവം തന്നിരിക്കുന്ന ആശീർവാദങ്ങളും, അവന്റെ കൃപകളെയും ഞങ്ങൾ പങ്കുവച്ചു. ഞങ്ങൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചു. കഴിഞ്ഞ പല വർഷങ്ങളിലും ദൈവം ഞങ്ങളെ കൃപയായി നടത്തിക്കൊണ്ടു വന്ന എല്ലാ വഴികളെയും എണ്ണി പുകഴ്ത്തി അവനെ സ്തുതിച്ചു. മറക്കാൻ സാധിക്കാത്ത ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പേരിൽ ഞങ്ങൾ പ്രാർത്ഥിച്ചു. എനിക്കു ലഭിച്ചിരിക്കുന്ന നന്മയായ കാര്യങ്ങളിൽ ഇങ്ങനെയുള്ള സ്നേഹിതരുടെ ബന്ധവും ഒന്നാകുന്നു. അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടു കൂടെ കഷ്ടം സഹിക്ക (2 തിമൊ:1:8) എന്നു പൌലൊസ് അപ്പോസ്തലൻ തിമൊഥെയോസിനു വെല്ലുവിളിയായി പറയുന്നു. സ്നേഹിതന്മാർ സംരക്ഷിക്കപ്പെടേണ്ടവരും, അവർക്കു നാം ദൈവവേല ചെയ്യേണ്ടവരും ആകുന്നു. അവരെ നാം ഉത്സാഹപ്പെടുത്തണം. ഇങ്ങനെ ചെയ്യുന്നതു നാം സത്യത്തെ കാണാൻ ഹേതുവാകുന്നു. ഇപ്രകാരം ദൈവവേല ചെയ്യുന്നതിനു വന്ന നാം ദൈവത്തിൽ വളരുന്നു.

ദൈവവേലക്കാർ സന്തോഷത്തോടെ പരിശ്രമിച്ചു പണിയുന്നതു പ്രോത്സാഹിപ്പിച്ചതിനാൽ വാട്ടത്തെ അതിജീവിച്ചു എന്നതു പുതിയനിയമത്തിൽ നാം കാണുന്നു. മർക്കൊസ്, എന്ന യോഹന്നാൻ തെറ്റു ചെയ്താലും പൌലൊസ് അവനെ പ്രേരിപ്പിച്ചു. പൌലൊസ് ഫിലിപ്യർക്കു എഴുതിയ ലേഖനത്തിൽ സന്തോഷവും ഉറപ്പും ഉള്ള നിലയിൽ പ്രവർത്തിക്കുമ്പോൾ വാട്ടം അതിജീവിക്കപ്പെടും എന്നു വിശദീകരിക്കുന്നു. സഭകൾ ഉണ്ടാക്കുന്നതിൽ അനുഭവം ഉള്ള പൌലൊസ് ഫിലിപ്യർക്കെഴുതിയ ലേഖനത്തിൽ സഭകൾ പണിയുന്നവർ ഉത്സാഹത്തോടെ വാട്ടം ഇല്ലാതെ തങ്ങളുടെ ദൈവവേലയിൽ മുന്നേറാൻ അടിസ്ഥാനമായ പല നയങ്ങൾ പറഞ്ഞിരിക്കുന്നു.

1. നിങ്ങൾക്കു അല്ലെങ്കിൽ നിങ്ങളുടെ **ദൈവവേലയ്ക്കു** ആവശ്യത്തിലധികമായ മുഖ്യത്വം കൊടുക്കരുതു. പൌലൊസ് തന്റെ കഴിവുകളെ കുപ്പ എന്നു എണ്ണുന്നു എന്നു പറയുന്നു (ഫിലി:1:3-6).

2. വ്യക്തമായ ലക്ഷ്യം നോക്കി ദൈവവേല ചെയ്യണം. ക്രിസ്തുവിനെ അറിയുന്നതും സുവിശേഷ

ത്തിനു ഒരു യഥാർത്ഥ ദൈവവേലക്കാരനായിരിക്കുന്നതുമാണു പൌലൊസിന്റെ ലക്ഷ്യമായിരുന്നതു. നിങ്ങളുടെ ലക്ഷ്യം വ്യക്തമായതായിരിക്കട്ടെ. യേശുക്രിസ്തുവിനെ അറിയുന്നതിലും അവനെ അധികമായി സ്നേഹിക്കുന്നതിലും മുന്നേറുവിൻ. അവനിൽ നിന്നു ശക്തി പ്രാപിക്കുവിൻ (ഫിലി:3:12-14).

3. നിങ്ങളുടെ ലക്ഷ്യം പങ്കുവയ്ക്കുന്ന ചില ജനങ്ങളോടു വളരെ അടുത്തതും ദൃഢമായതുമായ ബന്ധം വച്ചുകൊള്ളുവിൻ. വെറും പന്ത്രണ്ടുപേർ ഉണ്ടായിരുന്നാൽ മതി. അവർ നിങ്ങൾ വസിക്കുന്ന സ്ഥലത്തു തന്നെ താമസിക്കണം എന്ന ആവശ്യമില്ല. എന്നാൽ മുടങ്ങാതെ അവരോടു ബന്ധം വെച്ചു പ്രാർത്ഥിക്കുന്നതു വളരെ ആവശ്യം. പൌലൊസ് കാരാഗൃഹത്തിൽ ആയിരുന്നപ്പോൾ അവനു വന്ന കത്തുകൾ, അവനെ നോക്കി വന്ന സ്നേഹിതർ, അവനു ലഭിച്ച പാരിതോഷികങ്ങൾ ഇവ എല്ലാം അവനു അളവിൽ കവിഞ്ഞ പ്രോത്സാഹനം നൽകി. നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും താങ്ങുന്നതുമായ സംഘങ്ങളോടു എപ്പോഴും ബന്ധപ്പെട്ടു കൊണ്ടിരിപ്പിൻ.

4. ശരീരത്തിലും, പ്രാണനിലും, ആത്മാവിലും ബലമുള്ളവരായിരിപ്പിൻ. ക്രമമായ വേദവായന, പ്രാർത്ഥനാസമയം, ധ്യാനസമയം, വ്യക്തിപരമായതും അല്ലാതെയുമുള്ള ഉപവാസം ഇവ എല്ലാം ഒഴിച്ചുകൂട്ടാൻ കഴിയാത്തവ. ഇഷ്ടമുള്ള ഒരു വിനോദപരിപാടി സ്വീകരിപ്പിൻ. വിശ്രമിച്ചു പുതിയ ഉണർവു പ്രാപിപ്പിൻ. കുടുംബമായി സന്തോഷിക്കുവിൻ. ഇതുവളരെ മുഖ്യം. ശാരീരികസുഖം കാത്തുസൂക്ഷിക്കുവിൻ. പുകവലി, മദ്യപാനം പോലുള്ള ചീത്ത സ്വഭാവങ്ങൾ നിങ്ങളെ സമീപിക്കാതെ കാത്തുസൂക്ഷിക്കുവിൻ. ആവശ്യമായ വിശ്രമം എടുക്കുവിൻ. തിരുസഭകളെ ഉളവാക്കുന്ന യേശുക്രിസ്തുവിന്റെ സ്ഥാനപതികളായ ദൈവവേലക്കാർ ശരീരം, പ്രാണൻ, ആത്മാവു എന്നീ മൂന്നിലും ബലമുള്ള ജനങ്ങളായിരിക്കണം.

5. തിരുസഭ ഉരുവാക്കുന്നവർ വിവാഹിതരായിരുന്നാൽ അവർ തങ്ങളുടെ കുടുംബബന്ധങ്ങളെ പരിപോഷിപ്പിക്കണം. സന്തോഷം നിറഞ്ഞ കുടുംബം അവർക്കു ഒരു വില കൂടിയ സ്വത്തു. തങ്ങളുടെ സ്വന്തകുടുംബത്തെ ക്രിസ്തുവിനുള്ളിൽ പണിയുന്നതായിരിക്കണം അവരുടെ ആദ്യജോലിയായിരിക്കണം. അവരുടെ കുടുംബം മുഴുവനും അവരുടെ സഭ ഉരുവാക്കുന്ന വേല ആദരിക്കുമ്പോൾ അവർക്കു നല്ല ഉത്സാഹവും ബലവും ലഭിക്കും. ഒരു ദൈവവേലക്കാരൻ മുകളിൽ പറഞ്ഞ അഞ്ചുനയങ്ങളെയും സ്വീകരിച്ചു ഉത്സാഹമുള്ള ആത്മാവോടു പ്രവർത്തിക്കുമ്പോൾ തന്റെ ദൈവവേലയിൽ വളവും ആവശ്യവും ബലവും പ്രാപിക്കും.

നാം ദുഃഖത്തിലിരിക്കുമ്പോൾ നമ്മെ ആശ്വസിപ്പിച്ചു, വാടിപ്പോയപ്പോൾ നമ്മെ ഉത്സാഹിപ്പിച്ചു, തളർന്നുപോയ നമ്മെ ധൈര്യപ്പെടുത്തി, പിൻമാറുമ്പോൾ നമ്മെ ഉത്സാഹപ്പെടുത്തി, വഴിവിട്ടുമാറുമ്പോൾ നമ്മെ മുന്നറിയിച്ചു, ഇങ്ങനെ നമ്മോടു ക്ഷമയോടിരുന്ന നമ്മുടെ സ്നേഹിതർക്കു നാം വളരെ കടപ്പെട്ടവരാകുന്നു (1 തെസ്സ:5:14).

## നീ ഉയരമുള്ളവനോ?

ജീവിതത്തിൽ ചില സമയങ്ങളിൽ ഞാൻ ആരംഭിച്ച ജോലി എനിക്കു ശേഷം തുടരുമോ? എന്നെപ്പോലെ അതുപിൻതുടരുമോ? എന്നു ആശ്ചര്യപ്പെടേണ്ടി വരും. കവിയും നോവൽ എഴുത്തുകാരനുമായ ഒരു യെഹൂദൻ, നാം നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുന്ന പാത്രങ്ങളെക്കുറിച്ചു ഉപമ മുഖാന്തിരം ഇങ്ങനെ സൂചിപ്പിക്കുന്നു. അപ്പാ, ഞങ്ങൾക്കു ഒരു കഥ പറഞ്ഞു തരണം എന്നു രാത്രി ഭക്ഷണസമയത്തു അപ്പനോടു ഇങ്ങനെ മക്കൾ ചോദിച്ചു. "എന്തു കഥ വേണം?" എന്നു അപ്പൻ ചോദിച്ചു. "ഉയരമുള്ള മനുഷ്യനെപ്പറ്റി" എന്നു ഒരേ ശബ്ദത്തിൽ മക്കൾ ചോദിച്ചു. അപ്പൻ കഥ പറയാൻ ആരംഭിച്ചു. ഒരു വലിയ എക്സിബിഷൻ ചുറ്റിക്കാണണമെന്നു ഒരു മകൻ തന്റെ അപ്പനോടു പറഞ്ഞു. അതുകൊണ്ടു അപ്പനും മകനുമായി അടുത്ത ദിവസം പുറപ്പെട്ടു. അവിടെ ഭയങ്കര ആൾക്കൂട്ടം. ആ എക്സിബിഷൻ കാണാൻ സാധിക്കാതവണ്ണം ഭിത്തികളിന്മേലെല്ലാം മനുഷ്യർ ആയിരുന്നു. അപ്പൻ തന്റെ മകനെ തന്റെ തോളിന്മേൽ കയറ്റി ഇരുത്തി. അല്പസമയത്തിനുള്ളിൽ എക്സിബിഷൻ പ്രദക്ഷിണം തുടങ്ങി. ചെറിയ മകൻ തന്റെ അപ്പനോടു താൻ കാണുന്ന ഓരോന്നും പറഞ്ഞുകൊണ്ടിരുന്നു. എത്ര മനോഹരമായ വർണ്ണക്കാഴ്ചകൾ; രൂപങ്ങൾ എന്നു ആശ്ചര്യത്തോടു വിവരിച്ച ചെറിയ മകനു അഭിമാനം താങ്ങാൻ സാധിക്കുന്നില്ല. താൻ കാണുന്നതൊന്നും തന്റെ അപ്പൻ കാണുന്നില്ലല്ലോ എന്നു കളിയാക്കി. "എന്നാൽ" അപ്പൻ നടന്നുപോകുന്നതു നിറുത്തി. തന്റെ മക്കളെ നോക്കിപ്പറഞ്ഞു. "ആ ചെറിയ മകൻ തന്നെക്കൊണ്ടു എങ്ങനെ കാണാൻ സാധിച്ചു എന്നതും അങ്ങനെ കാണാൻ കാരണവും തന്റെ അപ്പൻ തന്നെ എന്നതും മറന്നുകളഞ്ഞു" എന്നു അപ്പൻ പറഞ്ഞു സമാധാനിച്ചു. കഥ തീർന്നതുപോലെ "ഇത്രതന്നെയോ? ഉയരമുള്ള മനുഷ്യനെപ്പറ്റി അല്ലേ കഥ പറയാൻ പോകുന്നു എന്നു കരുതി". ഉയരമുള്ള മനുഷ്യനെപ്പറ്റിയാണു കഥ പറഞ്ഞതു! താൻ ഉയരമുള്ളവൻ എന്നു തെറ്റായി കരുതിയ ഒരു ചെറിയ മകനെപ്പറ്റിയാണു പറഞ്ഞതു എന്നു അപ്പൻ പറഞ്ഞു. "എങ്ങനെ?" എന്നു മക്കൾ ചോദിച്ചു. 'ഉയരമായവൻ 'എന്ന വ്യക്തി താൻ മറ്റൊരുത്തന്റെ തോളിൽ ഇരിക്കുന്നതു ഉണർന്നിരിക്കുന്നവനാണു എന്നു പറഞ്ഞു.

"അങ്ങനെ നാം ഉണർന്നില്ലെങ്കിൽ" എന്ന ഒരു മകൻ ചോദിച്ചതിനു അപ്പൻ മറുപടി പറഞ്ഞതു അതും "വലിയ ഭാരമാണു". നമ്മുടെ കാലത്തിനുശേഷം നാം ഓർമ്മിക്കപ്പെടുമോ? നാം വിതച്ചവിത്തുകൾ ഫലം തരുമോ? ഇതെല്ലാം നാം എങ്ങനെ നടക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഉയരമുള്ളവരായിരിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നതു. വലിയ ഭാരമായിരിക്കാൻ അല്ല.

# മിലിട്ടറി ലൈൻ ക്രൈസ്റ്റ് സി.എസ്.ഐ യോഗങ്ങൾ

# TIRUNELVELI CSI DIOCESE



തിരുനെൽവേലി ഡയോസിസിൽ ഉള്ള സി.എസ്.ഐ ക്രൈസ്റ്റ് ചർച്ചിൽ നടന്ന എന്റെ യോഗങ്ങൾ വളരെ അനുഗ്രഹപ്രദമായിരുന്നു. ജാമക്കാരൻ വായനക്കാരുടെ കുടുംബങ്ങളെ നേരിൽ കാണുവാൻ അവസരം ലഭിച്ചു. Rev.Gipson JohnDas, അവർകൾ ഈ യോഗങ്ങളെ ഏർപ്പാട് ചെയ്തിരുന്നു ദൈവനാം മഹത്വപ്പെടുമാറാകട്ടെ.

## TELC ലൂതറൻ കൺവൻഷൻ

### തഞ്ചാവൂർ തിരുക്കാട്ടുപള്ളി ലൂതറൻ സഭയിൽ നടന്ന യോഗങ്ങൾ




Tamil Evangalical Lutherin Church (TELC) Convention വളരെ അനുഗ്രഹമായിരുന്നു. Rev.Sekhar അവർകൾ യോഗങ്ങൾ ക്രമീകരിച്ചു.

## ജാമക്കാരൻ ഇനി മാസംതോറും പ്രസിദ്ധീകരിക്കുന്നതാണ്

നേരത്തേ ഞാൻ അറിയിച്ചതുപോലെ എല്ലാ വായനക്കാരുടെയും ആഗ്രഹ പ്രകാരം ഓരോ മാസവും ജാമക്കാരൻ മാസിക മലയാളത്തിലും തമിഴിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതറിഞ്ഞ് പലർ തങ്ങളുടെ സന്തോഷത്തെ എന്നെ അറിയിച്ചു. കർത്താവിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

2015 ജൂൺ മാസം 6-ാം തീയതി നേപ്പാൾ അടിമലയിലുള്ള ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കാനും മെഡിക്കൽ ക്യാമ്പ് നടത്താനും പുറപ്പെടുന്നു. ജൂൺ മാസം 26-ാം തീയതി ഞാൻ തിരികെ എത്തും.

**JUNE 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.